بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 1

വാർഷിക വരിസംഖ്യ 300 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

ലക്കം 17

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2016 ജൂൺ 30/ഹി:ശം:1395 ഇഹ്സാൻ 30/ഹി:ഖ: 1437 റമളാൻ 24

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 2016 മെയ് 27 ന് മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് ലണ്ടനിൽ ജുമുഅ ഖുത്ബ നിർവഹിച്ചു.അതിന്റെ പൂർണരൂപം ഈ ലക്കം 3-ാം പേജിൽ വായിക്കുക.

സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയംവരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്കലനാ ഫീ ഉംരിഹീ വ അംരിഹീ.

**ഇസ്തിഖാമത്ത് എന്നതുകൊണ്ടുള്ള ഉദ്ദേശ്യം കൊടുമയേറിയ പരീക്ഷണസമയത്ത് കാലിടറിപ്പോകാത്തവിധമുള്ള സത്യവിശ്വാസം ഹൃദയത്തിൽ രൂഢമൂലമാവുക എന്നതാണ്. സന്തോഷം പ്രദാനം ചെയ്യുന്നതും വിഷമവും കയ്പും തോന്നാത്തതും അതില്ലാതെ ജീവിക്കാൻ പറ്റാത്തതുമായ രീതിയിലും നിലയിലുമുള്ള സൽകർമങ്ങൾ ഉണ്ടാകുക.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

'ഈ ഖുർആനിക വചനങ്ങളിൽ മറഞ്ഞിരിക്കുന്ന ദൈവജ്ഞാനത്തിന്റെ പോയന്റ് ഇതാണ്: അതായത് ഉപര്യുക്ത ഖുർആനിക വചനങ്ങളിൽ "അലിഫ് ലാം മീം ദാലിക്കൽ കിതാബു ലാറയ്ബ ഫീഹി ഹുദല്ലിൽ മുത്തഖീൻ" എന്ന് അല്ലാഹു പറഞ്ഞിരിക്കുന്നു. അല്ലാഹുവിന്റെ അറിവിൽനിന്ന് വെളിച്ചം കണ്ട ഗ്രന്ഥമാണിത്. അജ്ഞതയിൽ നിന്നും ഓർമക്കേടിൽനിന്നും സംശുദ്ധമാണ് അതിലെ ജ്ഞാനം. ഇതുകൊണ്ട് എല്ലാ സംശയങ്ങളിൽനിന്നും സന്ദേഹങ്ങളിൽനിന്നും ഒഴിഞ്ഞതാണ് ഈ ഗ്രന്ഥം. എന്തുകൊണ്ടെന്നാൽ അല്ലാഹുവിന്റെ അസാമാന്യ അറിവ് മനുഷ്യരുടെ പരിപൂർണതയ്ക്കായി പരിപൂർണശക്തി ഉൾക്കൊള്ളുന്നതാണ്. അതുകൊണ്ട് ഈ ഗ്രന്ഥം മുത്തഖികൾക്ക്-സൂക്ഷ്മ ജീവിതംനയിക്കുന്ന ദൈവഭക്തർക്ക് പരിപൂർണ മാർഗദർശകമാകുന്നു. മനുഷ്യപ്രകൃതിക്ക് പ്രാപിക്കാവുന്നതിന്റെ അവസാനസ്ഥാനംവരെ അവരെ അത് എത്തിക്കുന്നു. അല്ലാഹു ഈ വചനങ്ങളിൽ പറയുന്നു: അദൃശ്യനായ അല്ലാഹുവിൽ വിശ്വസിക്കുന്നവരും നമസ്കാരം നിലനിറുത്തുന്നവരും തന്റെ സമ്പത്തിൽനിന്ന് അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നവരും വിശുദ്ധഖുർആനിലും, മുമ്പേ അല്ലാഹു ഇറക്കിയിട്ടുള്ള ഗ്രന്ഥങ്ങളിലും വിശ്വസിക്കുന്നവരുമാണ് മുത്തഖികൾ. സന്മാർഗത്തിന്റെ തലപ്പത്തിരിക്കുന്നവരും മോക്ഷം പ്രാപിക്കുന്നവരും അവർ തന്നെയാണ്.

നബികരീമിനെ(സ) വിശ്വസിക്കാതെ, അദ്ദേഹത്തിന്റെ മാർഗദർശനമനുസരിച്ച് നമസ്കാരം തുടങ്ങിയവ അനുഷ്ഠിക്കാതെ മോക്ഷം ലഭിക്കുകയില്ലെന്ന് ഈ വചനങ്ങളിൽനിന്ന് മനസ്സിലാകുന്നു. നബികരീമിന്റെ (സ)കോന്തല വിട്ടുകൊണ്ട് കേവലം ശുഷ്കിച്ച തൗഹീദിൽ അഥവാ ഏകദൈവവിശ്വാസത്തിൽ മോക്ഷം തേടുന്നവർ അസത്യത്തിലാണുള്ളത്.

എന്നാൽ, ഈ വിശ്വാസം പരിഹർത്തവ്യമാണ്. അതായത് അദൃശ്യനായ അല്ലാഹുവിനെ വിശ്വസിക്കുന്നവരും നമസ്കാരം നിലനിറുത്തുന്നവരും നോമ്പ് പിടിക്കുന്നവരും തങ്ങളുടെ സമ്പത്തിൽനിന്ന് ദൈവമാർഗത്തിൽ ചെലവഴിക്കുന്നവരും വിശുദ്ധഖുർആനിലും മുമ്പേ ഇറങ്ങിയിട്ടുള്ള ഗ്രന്ഥങ്ങളിലും വിശ്വസിക്കുന്നവരുമായ സന്മാർഗികൾക്ക് ഹുദല്ലിൽമുത്തഖിൻ ഈ ഗ്രന്ഥം "അവർക്ക് മാർഗദർശനം നൽകും" എന്നു പറയുന്നതിന്റെ അർഥമെന്താണ്? അവരാണെങ്കിൽ ഈ എല്ലാ കാര്യങ്ങളും ചെയ്തുകൊണ്ട് മുമ്പേതന്നെ സന്മാർഗ്ഗം പ്രാപിച്ചവരാണുതാനും. പ്രാപിച്ചവരെ വീണ്ടും പ്രാപിപ്പിക്കുക എന്നത് നിരർഥമായ കാര്യമാകുന്നു.

ഇതിനുള്ള മറുപടി വിശ്വസിക്കുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും ചെയ്തിട്ടും പരിപൂർണമായ ഇസ്തിഖാമത്തിന്റേയും അഥവാ സമ്പൂർണ സ്ഥൈര്യത്തിന്റേയും പരിപൂർണമായ ഉന്നതിയുടേയും ആശ്രിതരാണ് അവർ എന്നതാകുന്നു. അതിന് മാർഗദർശനം നൽകുന്നത് അല്ലാഹു മാത്രമാണ്. മനുഷ്യന്റെ അധ്വാനത്തിന് അതിൽ ഒരു പങ്കുമില്ല. ഇസ്തിഖാമത്ത് എന്നതുകൊണ്ടുള്ള ഉദ്ദേശ്യം കൊടുമയേറിയ പരീക്ഷണസമയത്ത് കാലിടറിപ്പോകാത്തവിധമുള്ള സത്യവിശ്വാസം ഹൃദയത്തിൽ രൂഢമൂലമാവുക എന്നതാണ്. സന്തോഷം പ്രദാനം ചെയ്യുന്നതും വിഷമവും കയ്പും തോന്നാത്തതും അതില്ലാതെ ജീവിക്കാൻ പറ്റാത്തതുമായ രീതിയിലും നിലയിലുമുള്ള സൽകർമങ്ങൾ ഉണ്ടാകുക. ആ കർമങ്ങൾ ആത്മാവിന് പോഷകവും ഭക്ഷണവും മധുരമുള്ള പാനീയവും ആയിത്തീരുകയും അതുകൂടാതെ ജീവിക്കാൻ സാധിക്കാത്ത അവസ്ഥ സംജാതമാവുകയും വേണം. ചുരുക്കത്തിൽ ഇസ്തിഖാമത്തിന്റെ നില മനുഷ്യന് സ്വന്തം പരിശ്രമം കൊണ്ടു മാത്രം ഉണ്ടാക്കിയെടുക്കാൻ സാധ്യമല്ല. മറിച്ച് ആത്മാവിന് അല്ലാഹുവിൽനിന്ന് സമൃദ്ധി ഉണ്ടാകുന്നതുപോലെ അഭൗമികമായ ആ ഇസ്തിഖാമത്തും അല്ലാഹുവിൽനിന്നുതന്നെ ഉണ്ടാകണം. ആരാധനയും സത്യവിശ്വാസവും മനുഷ്യൻ തനിക്ക് കഴിയുന്നിടത്തോളം അതിന്റെ ഉത്തുംഗസ്ഥാനത്തെത്തിക്കുക എന്നതാണ് ഉന്നതികൊണ്ടുദ്ദേശിക്കുന്നത്. ഇതുകൂടാതെ അല്ലാഹുവിന്റെ കൈകൊണ്ടുമാത്രം സാധിക്കുന്ന ആ അവസ്ഥകളും ഉണ്ടാകണം.

മനുഷ്യന്റെ പരിശ്രമവും ബുദ്ധിയും അദൃശ്യനായ ദൈവത്തെ വിശ്വസിക്കുക എന്ന നിലവരെ മാത്രമേ നയിക്കുകയുള്ളൂവെന്നത് വ്യക്തമാണ്. ഇക്കാരണത്താൽ മനുഷ്യന് വഹിക്കാവുന്നതിനെക്കാൾ കൂടുതൽ ഭാരം അവന് കൊടുക്കാൻ ആഗ്രഹിക്കാത്ത ന്യായപ്രമാണം അവൻ തന്റെ ശക്തികൊണ്ട് അദൃശ്യതയിൽ വിശ്വസിക്കുക എന്നതിനെക്കാളുപരി ഒരു വിശ്വാസം കരസ്ഥമാക്കാൻ നിർബന്ധിക്കുന്നില്ല. അതേ സന്മാർഗികൾക്ക് 'ഹുദൻല്ലിൽ മുത്തഖീൻ' എന്ന ആയത്തിൽ, അവർ അദൃശ്യത്തിലുള്ള വിശ്വാസത്തിൽ ഉറച്ചുനിൽക്കുകയും തങ്ങളെക്കൊണ്ട് ആവുന്നത് പ്രവർത്തിക്കുകയും ചെയ്യുമ്പോൾ അല്ലാഹു ഈമാന്റെ അഥവാ സത്യവിശ്വാസത്തിന്റെ അവസ്ഥയിൽനിന്ന് ഇർഫാന്റെ അഥവാ ദൈവജ്ഞാനത്തിന്റെ അവസ്ഥവരെ എത്തിക്കുമെന്ന് വാഗ്ദാനം നൽകിയിരിക്കുന്നു. അപ്പോൾ അവരുടെ വിശ്വാസത്തിന് മറ്റൊരു നിറമുണ്ടാകും. തന്നിലേക്ക് വരുന്നവരെ അവരുടെ പരിശ്രമംകൊണ്ട് അവർ നേടിയെടുക്കുന്ന വിശ്വാസത്തിലും ചെയ്യുന്ന കർമങ്ങളിലും മാത്രം അവരെ ഒതുക്കി നിറുത്താൻ വിശുദ്ധ ഖുർആൻ ആഗ്രഹിക്കുന്നില്ലായെന്നത് അതിന്റെ സത്യതയ്ക്കുള്ള ഒരു അടയാളമാണ്. കാരണം, അങ്ങനെയായാൽ അല്ലാഹു യഥാർഥത്തിൽ ഉണ്ടെന്ന് അറിയുന്നതെങ്ങനെ? അതുകൊണ്ട് അല്ലാഹു മാനുഷികമായ പരിശ്രമത്തിന്റെ നെറുകയിൽ, തന്നിൽനിന്ന് ഒരു കനി വെച്ചുകൊടുക്കുന്നു. ദൈവികമായ തിളക്കവും നിയന്ത്രണവും അതിലുണ്ടാകുന്നു. ഉദാഹരണത്തിന് ഞാൻ വിശദീകരിക്കുകയുണ്ടായി, പ്രപഞ്ചത്തിന്റെ ഓരോ അംശവും സാക്ഷിപറയുന്ന ആ അദൃശ്യനായ ദൈവത്തിന്റെ അസ്തിത്വത്തിൽ വിശ്വസിക്കുക എന്നതിനെക്കാളുപരി മനുഷ്യന് മറ്റെന്താണ് ചെയ്യാൻ കഴിയുക. തന്റെ നടപ്പും തന്റെ കഠിനാധ്വാനവും തന്റേതായ ശക്തിയും കൊണ്ട് ദൈവിക പ്രകാശത്തിനുമേൽ അറിവുനേടുകയും ഈമാനികാവസ്ഥയിൽനിന്ന് ഇർഫാനീ അവസ്ഥവരെ എത്തുകയും 'മുശാഹദ'യുടേയും 'റുഅ്‌യ'ത്തിന്റേയും അവസ്ഥ തന്റെ ഉള്ളിൽ സൃഷ്ടിക്കുകയും ചെയ്യുക എന്നത് മനുഷ്യകഴിവിൽപ്പെട്ടതല്ല.

സാധിക്കുന്നിടത്തോളം പരിശുദ്ധിയോടും വെടിപ്പോടുംകൂടി സമാധാനത്തോടെ നമസ്കരിക്കുകയും വീണുപോകാതെ അതിനെ സംരക്ഷിക്കാൻ ശ്രമിക്കുകയും അതിൽ ചൊല്ലേണ്ട കാര്യങ്ങളായ അല്ലാഹുവിനെ സ്തുതിക്കുക, പശ്ചാത്തപിക്കുക, പൊറുക്കലിനെ തേടുക, പ്രാർഥിക്കുക, സലാത്തു ചൊല്ലുക തുടങ്ങിയവ പാലിക്കുകയും ചെയ്യുക എന്നതല്ലാതെ മറ്റെന്താണ് മനുഷ്യനെകൊണ്ട് സാധിക്കുക? അസാധാരണമായ യഥാർഥസ്നേഹവും ദൈവഭക്തിയും ധ്യാനത്താൽ നിറയ്ക്കപ്പെട്ട ആനന്ദവും അഭിരുചിയും മാലിന്യങ്ങളെല്ലാം ഒഴിഞ്ഞ സാന്നിധ്യവുമുള്ള-അല്ലാഹുവിനെ കാണുന്നതുപോലെയുള്ള- ഒരവസ്ഥ നമസ്കാരത്തിൽ ഉണ്ടാക്കുക എന്നത് മനുഷ്യന്റെ കഴിവിൽപ്പെട്ടതല്ല. നമസ്കാരത്തിൽ ഈ അവസ്ഥ ഉണ്ടാകാത്തിടത്തോളം അത് ന്യൂനതയിൽനിന്ന് മുക്തവുമല്ല. അതുകൊണ്ട് അല്ലാഹുതആല പറഞ്ഞു. മുത്തഖികൾ നമസ്കാരം നിലനിറുത്തുന്നവരാണ്. വീഴാൻ പോകുന്നതിനെയാണ് പിടിച്ചു നിറുത്താറുള്ളത്. 'യുഖീമുനസ്സലാത്ത' എന്നതിന്റെ അർഥം അവരെക്കൊണ്ടു കഴിയുന്നിടത്തോളം നമസ്കാരത്തെ നിലനിറുത്താൻ ശ്രമിക്കുക എന്നാണ്. വിഷമങ്ങൾ സഹിച്ചും കഠിനാധ്വാനത്തോടെയും അല്ലാഹുവിന്റെ മാർഗത്തിൽ പ്രവർത്തിക്കുക. എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹമില്ലാതെ മനുഷ്യന്റെ പരിശ്രമങ്ങൾ നിഷ്ഫലമാണ്. അതുകൊണ്ട് ആദരവുടയനും കരുണാമയനുമായ അവൻ പറഞ്ഞു: 'ഹുദൻല്ലിൽ മുത്തഖീൻ' അവരെക്കൊണ്ട് സാധിക്കുന്നിടത്തോളം തഖ്‌വയുടെ അഥവാ ദൈവഭക്തിയുടെ മാർഗത്തിൽ നമസ്കാരം നിലനിറുത്താൻ അവർ പരിശ്രമിക്കട്ടെ. പിന്നീട് അവർ എന്റെ ഗ്രന്ഥത്തിൽ വിശ്വസിക്കുകയാണെങ്കിൽ അവരുടെ പരിശ്രമത്തിലും അധ്വാനത്തിലും മാത്രം ഞാനവരെ ഒതുക്കി നിറുത്തുകയില്ല. മറിച്ച് ഞാൻതന്നെ അവരെ സഹായിക്കും. അപ്പോൾ അവരുടെ നമസ്കാരത്തിന് മറ്റൊരു നിറം പകർന്നു കിട്ടുകയും അവരുടെ ഭാവനയിൽപോലും കാണാത്ത മറ്റൊരു അവസ്ഥ അവരിൽ സംജാതമാക്കുകയും ചെയ്യും. അവർ അല്ലാഹുവിന്റെ ഗ്രന്ഥമായ വിശുദ്ധഖുർആനിൽ വിശ്വസിക്കുകയും കഴിവിന്റെ പരമാവധി അതിലെ കല്പനകളനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തതുകൊണ്ടുമാത്രമാണ് ഈ അനുഗ്രഹം അവർക്കുണ്ടാകുന്നത്. ചുരുക്കത്തിൽ, മനുഷ്യന്റെ നയനം തന്റെ യഥാർഥ സുഹൃത്തായ അല്ലാഹുവിനെ ദർശിക്കുന്നതിനുവേണ്ടി തുറക്കപ്പെടാൻ സ്വതസിദ്ധമായ ആവേശവും വ്യക്തിഗതമായ സ്നേഹവും ദൈവഭക്തിയും പൂർണമായ ഹൃദയസാന്നിധ്യവും കൈവരിക്കേണ്ടതുണ്ട്. അല്ലാഹുവിന്റെ സൗന്ദര്യം ദർശിക്കുന്നതിനായി ആത്മീയാനന്ദം കൊണ്ട് അടിമുടി നിറഞ്ഞതും ദുഷ്ടതകളും സംസാരപരവും പ്രവർത്തിപരവും ദൃശ്യപരവും ശ്രവണപരവുമായ പലവിധ പാപങ്ങളിൽനിന്ന് ഹൃദയത്തെ മാറ്റിനിറുത്തുന്നതുമായ അഭൗമികാവസ്ഥ പ്രാപിക്കണം. അല്ലാഹു പറഞ്ഞതുപോലെ 'ഇന്നൽ ഹസനാത്തി യുദ്ഹിബ്നു സ്സയ്യിആത്ത്' തീർച്ചയായും സൽകർമങ്ങൾ ദുഷ്കർമങ്ങളെ അകറ്റിക്കളയുന്നു. (11:115).

(ഹഖീഖത്തുൽ വഹ്‌യ് റൂഹാനീ ഖസായിൻ വാല്യം 22 പേജ് 136-139)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദർ ബോർഡ്,ഖാദിയാൻ

# ഇസ്‌ലാം: ശാന്തിയുടേയും സമാധാനത്തിന്റേയും മതം

**സുമയ്യ അദ്നാൻ**

(കഴിഞ്ഞലക്കം തുടർച്ച....)

"ലാ ഇക്‌റാഹ ഫിദ്ദീൻ ഖത്തബയ്യ നർറുശ്ദു മിനൽ ഗയ്യ്" മതത്തിൽ ബലാൽക്കാരമില്ല. നേരായ വഴി ദുർമാർഗത്തിൽനിന്ന് വ്യതിരിക്തമാണ് എന്നും ഖുർആൻ പറയുന്നു.

ലോകത്ത് പൂർണ്ണസമാധാനവും സഹോദരഭാവവും ഉണ്ടാക്കുന്നതിനായിട്ട് ഓരോ മുസ്‌ലിമും എല്ലാവിധ വിപ്ലവങ്ങളിൽനിന്നും ഒഴിഞ്ഞിരിക്കണമെന്ന് ശാസിക്കപ്പെട്ടിരിക്കുന്നു. അയാൾ രാജ്യത്തിന്റെ സമാധാനത്തിൽ ഒരുവിധത്തിലും ഭംഗംവരുത്താൻ പാടില്ലാത്തതാണ്. ജനങ്ങൾ ദുഷ്ടന്മാരും സ്വാർത്ഥന്മാരും ആയിരിക്കുന്നിടത്തോളം ലോകത്ത് സമാധാനമുണ്ടാകില്ല. ആയതിനാൽ, ഏവരും ദുഷ്ടത, സ്വാർത്ഥത ഇത്യാദി ദുർഗുണങ്ങളോട് പൊരുതി ജയിക്കേണ്ടതാണ്.

1929-ൽ അലിഗർ സർവ്വകലാശാലയിലെ വിദ്യാർത്ഥികളെ അഭിസംബോധന ചെയ്തുകൊണ്ട് ഗാന്ധിജി പറഞ്ഞു. "ഞാൻ ഹിന്ദുവാണെങ്കിലും എന്റെ ഹൃദയം മുസ്‌ലിമാകുന്നു. ഇസ്‌ലാമിലെ നിരവധി ആജ്ഞകൾ അനുസരിച്ച് നടക്കുന്നവനാണ് ഞാൻ."

അലഹബാദിലെ പ്രസിദ്ധ ഹിന്ദിപണ്ഡിതനായിരുന്ന സുന്ദർലാൽജി ഇന്ത്യാരാജ്യത്തിലെ മുസ്‌ലിം ഭരണകാലഘട്ടത്തെ സുവർണ്ണകാലം എന്ന് വിശേഷിപ്പിച്ചു.

ഇസ്‌ലാമിന്റെ പരിശുദ്ധസ്ഥാപകൻ ഞങ്ങളുടെ ഹൃദയത്തിൽ എല്ലാ മതങ്ങളോടും മാനവരാശിയോടും സ്നേഹവും ബഹുമാനവും ഉറപ്പിച്ചു. ഇസ്‌ലാമിന്റെ സന്ദേശം എതിരാളികളുടെ മനസ്സിലേക്ക് എത്തിക്കുന്നതിലും അദ്ദേഹം വിജയം കൈവരിച്ചു. തന്റെ സൃഷ്ടിക്ക് കാരണമായ ആ പരാശക്തിക്ക് പരിപൂർണമായി വഴിപ്പെട്ടുകൊണ്ടും അവന്റെ ഹിതമനുസരിച്ച് മാത്രം ജീവിതത്തെ നിയന്ത്രിക്കുമാറ് അവന് ആത്മാർപ്പണം ചെയ്തുകൊണ്ടും സമസൃഷ്ടികളുടെ നേരെ സാഹോദര്യവും കരുണയും ശാന്തിയും പുലർത്തിക്കൊണ്ടും ജീവിക്കുക എന്നത് മനുഷ്യന്റെ ബോധമാകുന്നു. ഈ ബോധത്തെ ശരിയായ രീതിയിൽ വികസിപ്പിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുകയെന്നതാണ് ഇസ്‌ലാമികാധ്യാപനങ്ങളുടെ ചുരുക്കം. സമസൃഷ്ടികളെ പരമാവധി സ്നേഹിക്കുകയും സമസൃഷ്ടികളോടുള്ള കടപ്പാടുകളെ നിറവേറ്റുകയും ചെയ്യുക എന്നതാണ് നമ്മുടെ ലക്ഷ്യം. അത് സാധ്യമാക്കുകയെന്നതാണ് നമ്മുടെ ദൗത്യവും.

മതം ഹൃദയവുമായി ബന്ധപ്പെട്ട് കിടക്കുന്നെന്നും സത്യമായ മതം സ്വീകരിച്ച് പരലോകവും ഇഹലോകവും പ്രാപിക്കണമെന്നും പൊറുക്കലിനുള്ള സാഹചര്യങ്ങൾ ഒരുക്കി കൊണ്ടേയിരിക്കണം എന്നതിലും അദ്ദേഹം ഉറച്ചുനിന്നു.

ഇസ്‌ലാമിന്റെ ഒരു ശത്രുവിനെ വധിക്കാനുള്ള വിധി പുറപ്പെടുവിച്ച സന്ദർഭത്തിൽ നബി(സ) തിരുമേനി അയാൾക്ക് മാപ്പ് നൽകുകയും മുസ്‌ലീംകളുടെ ഇടയിൽ തന്റെ മതവിശ്വാസമനുസരിച്ച് ജീവിക്കാനുള്ള അനുമതിയും നൽകി. ജീവിതത്തിന്റെ സിംഹഭാഗവും തന്റെ പിതാവിനെ (അബൂജഹ്‌ലിനെ)പോലെ കഴിച്ചുകൂട്ടിയ ഇക്‌രിമ മക്കാ വിജയാവസരത്തിലും അനീതി കാട്ടി- മാപ്പു നൽകപ്പെട്ടപ്പോഴും ഒരു സൈന്യത്തിനുമേൽ അക്രമം പുറപ്പെടുവിക്കുകയുണ്ടായി. ഹറമിൽ രക്തമൊഴുക്കിന് കാരണമായതോടെ മുസ്‌ലീംകളുടെ മുന്നിൽ അയാൾക്ക് നിൽക്കക്കള്ളിയില്ലാതായി. അതിനാൽ മക്കാവിജയത്തിനു ശേഷം ജീവരക്ഷാർത്ഥം അയാൾ യമനിലേക്ക് ഒളിച്ചോടി. ഭാര്യയുടെ ക്ഷമപറച്ചിൽകേട്ട് നബി(സ) തിരുമേനി വലിയ അനുകമ്പയോടുകൂടി അയാൾക്ക് മാപ്പുകൊടുത്തു. ഒരുപാട് അക്രമം ഇതിനാൽതന്നെ ചെയ്തിട്ടുണ്ടെന്നും നിരവധി മുസ്‌ലിംകളെ നിഷ്കരുണം വധിച്ചിട്ടുണ്ടെന്നും അവസാനനാൾ വരെയും യുദ്ധം പൊരുതിയിരുന്നെന്നും നന്നായി അറിയാമായിരുന്ന അദ്ദേഹം തനിക്കെങ്ങനെ മാപ്പ് ലഭിക്കാനാണെന്ന് ആശങ്കപ്പെട്ടു. തന്റെ മതത്തിൽത്തന്നെ തുടരാനുള്ള അനുമതിയോടെയാണോ തന്റെ ശിർക്കിന്റെ അവസ്ഥയിൽത്തന്നെയാണോ തനിക്ക് മാപ്പ് തന്നിരിക്കുന്നത് എന്നുള്ള ഇക്‌രിമയുടെ ചോദ്യത്തിന് അവിടന്ന് അതെ എന്ന് ഉരുവിടുകയുണ്ടായി. ഇസ്‌ലാമിനായി തുറക്കപ്പെട്ട ഇക്‌രിമയുടെ നെഞ്ചകം അനിയന്ത്രിതമായി ഇപ്രകാരം മന്ത്രിച്ചു. "തീർച്ചയായും അങ്ങ് ദയാലുവും ഉപകാരിയും രക്തബന്ധം നിലനിറുത്തുന്നയാളുമാണ്." നബി(സ)തിരുമേനിയുടെ ഉദാത്തമായ ഈ ധാർമ്മികഗുണത്തിന്റെ ദിവ്യാത്ഭുതം കാരണമായി ഇക്‌രിമ മുസൽമാനായി. ഇസ്‌ലാം പടർന്നത് ഇങ്ങനെയാണ്. അതായത് മനോഹരമായ സ്വഭാവവിശേഷങ്ങൾകൊണ്ട്, ആവിഷ്കാരസ്വാതന്ത്ര്യത്തിന്റേയും മതസ്വാതന്ത്ര്യത്തിന്റേയും അനുമതിയോടുകൂടി ഒരു നിമിഷനേരത്തിനുള്ളിൽ ഇക്‌രിമയെപ്പോലുള്ള വ്യക്തിയെ മുറിവേൽപ്പിച്ചത് ഈ മഹത്തായ, മനോഹരമായ ധാർമ്മികഗുണത്തിന്റെ അമ്പാണ്; ഇസ്‌ലാമാകുന്ന സമാധാനം തൊടുത്തുവിട്ട അമ്പ്!!

സമാധാനത്തിന്റെ സന്ദേശമാണ് ഇസ്‌ലാം ലോകസമക്ഷം സമർപ്പിച്ചിട്ടുള്ളത്. സമാധാനം എന്ന ശബ്ദം വാക്കുകളിലും പ്രവൃത്തികളിലും സർവോപരി തങ്ങളുടെ പ്രാർത്ഥനകളിലും ഉയർന്നുനിൽക്കുവാൻ വേണ്ടി നബി(സ) തിരുമേനി ഒരുപാട് ആഗ്രഹിച്ചിരുന്നു. കേവലം പ്രതിരോധത്തിനുവേണ്ടി യുദ്ധം ഇസ്‌ലാമിലും അനുവദിക്കപ്പെട്ടിട്ടുണ്ടെങ്കിലും സമാധാനസ്ഥാപനം തന്നെയാണ് അതിന്റെ അന്തിമലക്ഷ്യം.

തിന്മകളും അതിലേക്കുള്ള കവാടങ്ങളും അടക്കുകയാണ് ഇസ്‌ലാം ചെയ്തത്. അന്യായമായി രക്തം ചിന്തുമ്പോഴും അഭിമാനം തകർക്കുമ്പോഴും സമ്പത്ത് അപഹരിക്കുമ്പോഴുമാണ് അസ്വസ്ഥതകൾ പടരുന്നത്. ഇസ്‌ലാമികദർശനം മനുഷ്യാവകാശങ്ങളെ ഒരുപാട് പരിഗണിക്കുന്നു. ആരുടെയും അവകാശങ്ങൾ ഹനിക്കുവാൻ പാടില്ലെന്ന പ്രഖ്യാപനംതന്നെ നമ്മെ സമാധാനജീവിതത്തിന്റെ മഹത്ത്വം പഠിപ്പിക്കുന്നു. കുട്ടികൾ, സ്ത്രീകൾ, വൃദ്ധർ, അനാഥർ, അഗതികൾ എന്നിവരുടെ എല്ലാം സ്വസ്ഥമായ ജീവിതം ഇസ്‌ലാം ഉറപ്പുവരുത്തുന്നു.

മാതാപിതാക്കളെ ആദരിക്കാൻ പഠിപ്പിക്കുന്ന ഇസ്‌ലാം ഉമ്മയുടെ കാൽക്കീഴിലാണ് സ്വർഗം എന്ന് ഊന്നിപ്പറഞ്ഞുകൊണ്ട് ഭദ്രമായ ഒരു കുടുംബജീവിതത്തിന്റെ പ്രാധാന്യം നമ്മെ അറിയിക്കുന്നു. ഇസ്‌ലാം സമാധാനം നിറഞ്ഞ ഒരു സമൂഹമാണ് ലക്ഷ്യമിടുന്നത്. മനുഷ്യർക്കും ഭൂമിക്കും ഭാരമായ കൊടുംകുറ്റവാളികളെ ഇല്ലാതാക്കുന്നത് സ്വസ്ഥജീവിതത്തിനാണ്. ഇസ്‌ലാമിന്റെ സക്കാത്ത് സാമ്പത്തിക-സാമൂഹിക അസമത്വങ്ങൾ ഇല്ലാതാക്കുന്നു. ഇസ്‌ലാമികാധ്യാപനങ്ങൾ വിശുദ്ധമായ ഒരു ജീവിതത്തിന് വ്യക്തിയെ സന്നദ്ധനാക്കുന്നു. സർവ്വമനുഷ്യരുടേയും അവകാശങ്ങളെ പരിഗണിക്കുന്ന ഇസ്‌ലാമിന് ആരും അന്യരല്ല.

ദേശീയവും കാലാവസ്ഥാപരവും പരമ്പരാഗതവുമായ മാറ്റങ്ങളാൽ മനുഷ്യനിലുണ്ടാകുന്ന വർണവൈവിദ്ധ്യങ്ങളെ അംഗീകരിച്ചുകൊണ്ടുതന്നെ മനുഷ്യർ ഒരൊറ്റ ജാതിയാണെന്നും വർഗമോ വർണമോ ദേശമോ പാരമ്പര്യമോ മനുഷ്യനെ മനുഷ്യനിൽനിന്നു വേർതിരിക്കുന്നതിനു കാരണമല്ലെന്നും ഇസ്‌ലാം പ്രഖ്യാപിച്ചു. ഈ ഇസ്‌ലാമികാധ്യാപനങ്ങളൊക്കെയുംതന്നെ മനുഷ്യപ്രകൃതിക്കനുസൃതവും മനുഷ്യഹൃദയത്തിന്റെ അഗാധതലങ്ങളെ സ്പർശിക്കുകയും ഉള്ളിലുണ്ടാവുന്ന ബോധത്തെ തൊട്ടുണർത്തുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ അവർണനെന്നും പറഞ്ഞ് പുച്ഛിക്കപ്പെട്ട ഒരു മനുഷ്യനെപോലും മാറോടുചേർത്ത് നിറുത്താനും സദ്ഭാവനയോടെ ദർശിക്കുവാനും ഒരു മുസൽമാന് സാധിക്കുന്നു. ഇസ്‌ലാം മനുഷ്യനെ അത്തരമൊരു സാഹോദര്യബന്ധത്തിലേക്ക് അന്യോന്യം ബന്ധിപ്പിക്കുന്നു.

ഇസ്‌ലാം മതസ്വീകാര്യതയിലൂടെ ദൈവസാമീപ്യവും അതുമുഖേന സമാധാനവും ശാന്തിയും കൈവരിക്കാം. ആ ദയയോടുകൂടിയാണ് നബി(സ)തിരുമേനി ആളുകളെ സമീപിച്ചുകൊണ്ടിരുന്നത്. മുസ്‌ലിം ഭൂരിപക്ഷപിന്തുണയുടെ ഉദ്ദേശ്യം മറ്റുള്ളവരുടെ വികാരത്തെ അവഗണിക്കുക എന്നതല്ലെന്നും സ്വന്തം ഭരണത്തിൻകീഴിൽ ഈ രീതിയിൽ ഒരു മനുഷ്യന്റെ വികാരം വ്രണപ്പെടുത്തുവാൻ പാടില്ല എന്നതുമായിരുന്നു അവിടത്തെ നീതിയുടെ നില. അത് സ്വന്തക്കാരിലും അന്യക്കാരിലും നിലനിറുത്തുവാൻ വേണ്ടിയുള്ളതായിരുന്നു അവിടത്തെ പരിശ്രമലക്ഷ്യവും.

മറ്റു മതങ്ങളെയൊക്കെയും നബി(സ)തിരുമേനി ഇസ്‌ലാമിനെപോലെതന്നെ സ്നേഹിച്ചിരുന്നു. ഇതിനുള്ള ഉദാത്തമായ ഉദാഹരണം അദ്ദേഹത്തിന്റെ ജീവിതത്തിൽനിന്നുതന്നെ നമുക്ക് കണ്ടെടുക്കാം. ഒരിക്കൽ നബി(സ) തിരുമേനിയുടെ സമീപത്തുകൂടി ഒരു ജനാസ കൊണ്ടുപോയപ്പോൾ അവിടന്ന് ആദരവോടെ എഴുന്നേറ്റുനിന്നു. ഇത് ഒരു യഹൂദിയുടെ ജനാസയാണെന്നു കേട്ടപ്പോൾ അവിടന്ന് ഇപ്രകാരം പറയുകയുണ്ടായി. "അലയ്സത്ത് നഫ്സ" അദ്ദേഹവും മനുഷ്യനല്ലേ? അദ്ദേഹത്തിന്റെ പ്രകടനങ്ങളിൽനിന്ന് സഹിഷ്ണുതയുടെ അന്തരീക്ഷം പൊട്ടിമുളക്കുകയും പരസ്പരം മൃദുലതയോടെ പെരുമാറാനുള്ള അവസരവും ഉണ്ടാകുന്നു. ഒരു മനുഷ്യനു പരലോകത്തുള്ള യഥാർത്ഥ സമ്പത്ത് അവൻ ഈ ലോകത്തിൽ തന്റെ സമസൃഷ്ടികൾക്ക് ചെയ്യുന്ന നന്മകളാകുന്നു. ഒരാൾ മറ്റുള്ളവർക്ക് നന്മ ചെയ്യുന്നത് തനിക്ക് ലഭിച്ചിട്ടുള്ള ഉപകാരത്തിന് പകരമായോ പ്രതിഫലേച്ഛയോടുകൂടിയോ മാത്രമായിരിക്കരുതെന്നും സഹജമായ പ്രേരണാഫലമായി, പിതാക്കന്മാർ സ്വസന്താനങ്ങൾക്കുമെന്നപോലെ ബന്ധുസ്നേഹത്തോടുകൂടി ആയിരിക്കണമെന്നു ഇസ്‌ലാം നമ്മളെ പഠിപ്പിക്കുന്നു. നാമെല്ലാവരും സർവ്വലോകപാലകനായ ദൈവത്തിന്റെ പ്രിയമുള്ള സൃഷ്ടികളാകുന്നു. അതിനാൽ മനുഷ്യരായ നാമെല്ലാം അന്യോന്യം സ്നേഹത്തിൽ വർത്തിക്കേണ്ടതാണ്.(തുടരും)


## ഉടനെ എഴുതുക or ഫോൺ ചെയ്യുക

താങ്കൾ വിശുദ്ധ ഖുർആന്റെ കല്പനകൾ, ഹദീഥുകൾ, ഹദ്റത്ത് മസീഹ് മൗഊദിന്റെ മാർഗനിർദേശങ്ങൾ എന്നിവയോടൊപ്പം ഹദ്റത്ത് അമീറുൽമുഅ്മിനീന്റെ ജുമുഅ ഖുത്ബകളിൽനിന്നും പ്രഭാഷണങ്ങളിൽനിന്നും അനുഗ്രഹം തേടാനാഗ്രഹിക്കുന്നെങ്കിൽ! താങ്കൾ താങ്കളുടെ കുടുംബത്തിന്റേയും കുഞ്ഞുകുട്ടികളുടേയും സത്യമായ പരിഷ്കരണത്തിന് വിശുദ്ധ ഖുർആന്റെ ജ്ഞാനങ്ങൾ അറിയാനാഗ്രഹിക്കുന്നെങ്കിൽ! താങ്കൾ ബദ്ർ പത്രം നിർബന്ധമായും വായിക്കുക. ബദ്ർ പത്രത്തിൽ എന്താണുള്ളത്? അതറിയാൻ നിങ്ങൾ നിങ്ങളുടെ ഭാഷയിൽ അതിന്റെ ഒരു മാതൃക വാങ്ങി നോക്കുക. ഉടനെ എഴുതുക, അല്ലെങ്കിൽ ഫോൺ ചെയ്യുക.

**മാനേജർ ബദ്ർ വീക്കിലി ഫോൺ: 094170-20616**


"വിശ്വസിക്കുകയും സൽകർമങ്ങൾ ചെയ്യുകയും ചെയ്തവരാരോ അവർക്ക് അവരുടെ പ്രതിഫലങ്ങൾ പൂർണമായും നല്കുന്നതാണ്.' (വി:ഖു. 4:174)

**ത്വാലിബെ ദുആ:**

**എം.എ.മുഹമ്മദ് കോഴിക്കോട്**

"ഇന്നൽ ഇസ്സത്ത ലില്ലാഹി ജമീആ' മുഴുവൻ അന്തസ്സും അല്ലാഹുവിന് അധീനമാണ്. (വി:ഖു. 4:140)

**ത്വാലിബെ ദുആ:**

**പി.പി.ഹസ്സൻ കോയ, മഞ്ചേരി**

"അസ്സുൽഹു ഖയ്ർ.' രഞ്ജിപ്പ് ഏറ്റവും ഉത്തമമാകുന്നു (വി:ഖു. 4:129)

**ത്വാലിബെ ദുആ:**

**കെ.മുഹമ്മദ് സ്വാലിഹ്, കണ്ണൂർസിറ്റി.**

# ഖുത്ബ ജുമുഅ

ഇന്ന് മെയ് 27-ആണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വഫാത്തിനുശേഷം അഹ്മദിയ്യാ ജമാഅത്തിൽ ഇന്നേ ദിവസമാണ് ഖിലാഫത്തിന് സമാരംഭം കുറിച്ചതെന്ന് ഓരോ അഹ്മദിക്കും അറിയാവുന്നതാണ്. ഈ ബന്ധംകൊണ്ട് ജമാഅത്തിൽ ഈ ദിനം 'ഖിലാഫത്ത് ദിനം' എന്നപേരിൽ ആചരിക്കപ്പെടുന്നു. അല്ലാഹു നമ്മെ ചിതറിപ്പോകുന്നതിൽ നിന്ന് രക്ഷിക്കുകയും ഒരു മാലയിൽ കോർത്തിണക്കുകയും ചെയ്തതിന് നമ്മൾ അവന് നന്ദിപറയുന്നു. ഇത് ഉദ്ധരിച്ചുകൊണ്ട് അഹ്മദിയ്യാ ഖിലാഫത്തിന്റെ നിലനില്പിനും എന്നെന്നും നിലനിറുത്തുന്നതിനും എല്ലാവിധ ത്യാഗങ്ങൾക്കും തയ്യാറാണെന്നുള്ള പ്രതിജ്ഞയും നമ്മൾ ചെയ്യുന്നു. ഇൻശാ അല്ലാഹ്. ഈ പ്രതിജ്ഞ നിറവേറ്റുന്നതിനുവേണ്ടി ഒരു തലമുറയ്ക്കുശേഷം രണ്ടാമത്തെ തലമുറ സുസ്ഥിരമായ ചുവടോടുകൂടി ത്യാഗങ്ങൾ സമർപിച്ചതിന് അഹ്മദിയ്യാ ജമാഅത്തിന്റെ കഴിഞ്ഞ 108 വർഷത്തെ ചരിത്രം സാക്ഷിയാണ്. അല്ലാഹു ഭാവിയിലും ഇപ്പോൾ ജമാഅത്തിലുള്ള ഓരോരുത്തർക്കും അല്ലെങ്കിൽ ഭാവിയിൽ ഇൻശാഅല്ലാഹ് ഇതിൽ ചേരുന്ന ഓരോരുത്തർക്കും എപ്പോഴും ഈ പ്രതിജ്ഞ നിറ വേറ്റാനുള്ള തൗഫീഖ് നല്കുമാറകട്ടെ. നമ്മൾ തൗഹീദിൽ നിലയുറപ്പിക്കുകയും മനുഷ്യകുലത്തോടുള്ള സഹാനുഭൂതിയിൽ അഭിവൃദ്ധിപ്പെട്ടു കൊണ്ടിരിക്കുകയും അഹ്മദിയ്യാ ഖിലാഫത്തുമായി ഒട്ടിച്ചേർന്ന് നില്ക്കുകയും ചെയ്താൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ള എല്ലാ പുരോഗതിയും നമ്മൾ കാണുന്നവരായി മാറുന്നതായിരിക്കും.

ഹദ്റത്ത് മസീഹ് മൗഊദ്(അ)സ്ഥാപിച്ചിരിക്കുന്ന ഈ ജമാഅത്ത് അഭിവൃദ്ധിപ്പെടണമെന്നതിന് ഒരുവിധ സംശയവുമില്ല. ഇത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. നമ്മൾ അല്ലാഹുവിനോടുള്ള കടമകളും, സൃഷ്ടികളോടുള്ള കടമകളും നിറവേറ്റുന്നതിനുവേണ്ടി എന്താണ് ചെയ്തുകൊണ്ടിരിക്കുന്നതെന്ന് നമ്മളിൽ ഓരോരുത്തരും ആത്മപരിശോധന നടത്തേണ്ടിവരും. ലോകത്തിന്റെ ദൃഷ്ടികൾ നമ്മുടെ ഭാഗത്തേക്കാണുള്ളത്. തൗഹീദ് സ്ഥാപിക്കുക എന്ന ജോലി അല്ലാഹുവും നമ്മളെയാണ് ഏല്പിച്ചിട്ടുള്ളത്. അതുകൊണ്ട് സ്വയം അല്ലാഹുവിന്റെ സമീപസ്ഥരാവുകയും ലോകരേയും തങ്ങളുടെ ഏകനായ സ്രഷ്ടാവിന്റെ സമീപസ്ഥരാക്കാൻ പരിശ്രമിക്കുകയും ചെയ്യുക.

മനുഷ്യത്വത്തിന്റെ മൂല്യങ്ങൾ സ്ഥാപിക്കുക. അഹ്മദിയ്യാ ഖിലാഫത്തിന്റേയും അഹ്മദിയ്യാ ജമാഅത്തിന്റേയും ലക്ഷ്യമെന്നു പറയുന്നത് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അയച്ചതിന്റെ ഉദ്ദേശ്യം കരസ്ഥമാക്കലാണ്. മനുഷ്യരെ അല്ലാഹുവിന്റെ അടുത്തെത്തിക്കുന്നതിന് പൂർണമായും പരിശ്രമിക്കുകയും മനുഷ്യരോടുള്ള കടമ നിർവഹിക്കുകയും ചെയ്യുക എന്നതാണ് ആ ലക്ഷ്യം. ഇതിനെക്കാളുപരിയായി ഞങ്ങൾക്ക് ഒരു ലക്ഷ്യവുമില്ല.

ഈ യാത്രയിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ മാധ്യമങ്ങളുമായി ഒരുപാട് അഭിമുഖങ്ങൾ നടന്നു. മാൽമോ മസ്ജിദിന്റെ ഉൽഘാടനത്തിനുപുറമെ മറ്റുള്ളവരോടൊത്ത് ഡെന്മാർക്കിലും സ്റ്റോക്ഹോമിലും രണ്ടു സൽക്കാരങ്ങളും (ൃലരലുശേീി) ഉണ്ടായിരുന്നു. ഇതിൽ ഇസ്ലാമിനേയും വിശുദ്ധ ഖുർആനിന്റെ ശരിയായ അധ്യാപനത്തേയും നബി(സ)തിരുമേനിയുടെ വിശുദ്ധമായ ജീവിത മാതൃകയേയും ഖുലഫാഉർറാശിദീന്റെ മാതൃകകളേയും ഉദ്ധരിച്ചുകൊണ്ട് സംസാരിക്കുകയുണ്ടായി. തങ്ങൾക്ക് യഥാർഥ ഇസ്ലാമിനെക്കുറിച്ച് അറിയാൻ കഴിഞ്ഞത് ഇന്നാണെന്ന് ബഹുഭൂരിഭാഗമാളുകളും പരസ്യമായി പറഞ്ഞു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നുശേഷം തുടങ്ങിയ ഖിലാഫത്ത് വ്യവസ്ഥിതി വിശ്വാസികൾക്കു മാത്രമല്ല മാർഗദർശനം നല്കിയത്; നല്കുന്നത്. മറ്റുള്ളവർക്കും ഇസ്ലാമിനെ ഭയപ്പെട്ടു കഴിയുന്നവർക്കും ശരിയായ ഇസ്ലാമിക അധ്യാപനത്തിന്റെ മാതൃക കാണിച്ചുകൊടുക്കുകയും ചെയ്യുന്നു.

ഡെന്മാർക്കിലും സ്വീഡനിലും അടുത്ത് നടത്തിയ പര്യടനവേളയിൽ സംഘടിപ്പിച്ച വിവിധ പരിപാടികൾ, റേഡിയോ, ടി.വി, പത്ര പ്രതിനിധികളുമായി നടത്തിയ അഭിമുഖങ്ങൾ, പരിപാടികളിൽ പങ്കെടുത്ത അതിഥികളുടെ അഭിപ്രായപ്രകടനങ്ങൾ തുടങ്ങിയവയുടെ ഈമാൻ ദൃഢീകരിക്കുന്ന സംഭവങ്ങൾ. പ്രസ്സും മാധ്യമങ്ങളും മുഖേന ലക്ഷക്കണക്കിനാളുകളിൽ ഇസ്ലാമിന്റെ സന്ദേശമെത്തി. യഥാർഥ ഖിലാഫത്ത് സ്വന്തമാളുകളുടെ ഭയത്തെ മാത്രമല്ല സമാധാനത്തിൽ പരിവർത്തിപ്പിക്കുക. മറിച്ച് അന്യരുടെ ഭയത്തേയും സമാധാനത്തിൽ പരിവർത്തിപ്പിക്കുന്നതാണ്. ഇതു തന്നെയാണ് തങ്ങൾ പ്രകടിപ്പിച്ച അഭിപ്രായങ്ങളിൽ അവർ അധികവും പറഞ്ഞത്. അതിന്റെ ചുരുക്കമാണ് ഞാൻ കേൾപ്പിച്ചത്. അവരുടെ ഭയത്തിന്റെ അവസ്ഥ നമ്മുടെ ഫംങ്ഷനിൽ പങ്കെടുത്ത് സമാധാനത്തിലേക്ക് മാറ്റപ്പെട്ടു. കാരണം ഇത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. അതുകൊണ്ടുതന്നെ അല്ലാഹുവിന്റെ സഹായവും കൂടെയുണ്ട്. ഇത് ഇസ്ലാമിന്റെ മനോഹരമായ അധ്യാപനങ്ങൾ മറ്റുള്ളവരിൽ സ്വാധീനം ചെലുത്തുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ)ൽ നിന്ന് വിട്ടുകൊണ്ട് ഇന്നാരെങ്കിലും ഖിലാഫത്ത് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നെങ്കിൽ അല്ലെങ്കിൽ ഉദ്ദേശിക്കുകയാണെങ്കിൽ അവൻ പരാജയപ്പെടും. അവന് സമാധാനം സ്ഥാപിക്കാൻ സാധിക്കുകയില്ല.

അഹ്മദിയ്യാ ഖിലാഫത്ത് മാത്രമാണ് തങ്ങളുടേയും അന്യരുടേയും ഭയത്തെ സമാധാനത്തിൽ പരിവർത്തിപ്പിക്കുന്നത്. വിവിധ ആളുകളുടെ അഭിപ്രായത്തിൽനിന്ന് ഇത് വ്യക്തമാകുന്നു. അല്ലാഹുവിന്റെ സഹായങ്ങൾ അഹ്മദിയ്യാ ഖിലാഫത്തിനോടൊപ്പമുണ്ട്. അത് ഒരിക്കലും കുറയുകയില്ല. ഞാൻ നേരത്തെ പറഞ്ഞതുപോലെ കഴിഞ്ഞ 108 വർഷത്തെ ചരിത്രം ഇതിന് സാക്ഷിയാണ്. ഇത് ഏതെങ്കിലും ഒരു മനുഷ്യന്റെ പ്രവർത്തിയായിരുന്നെങ്കിൽ എപ്പോഴേ അവസാനിച്ചു കഴിഞ്ഞിട്ടുണ്ടായിരുന്നുവെന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞിരുന്നു. അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ജമാഅത്തിന്റെ സ്ഥാപനവും ഖിലാഫത്തിന്റെ വാഗ്ദാനവും ദൈവിക വാഗ്ദാനമാണ്. ഈ വ്യവസ്ഥിതി അല്ലാഹുവിന്റെ കൃപാകടാക്ഷത്താൽ എന്നെന്നും നിലനില്ക്കാനുള്ളതാണ്.

മാസ്റ്റർ ഗുലാം മുഹമ്മദ് സാഹിബ് നങ്കാനയുടെ മകൻ ചൗദ്ദരി ഫള്ൽ അഹ്മദ് സാഹിബ് വഖ്ഫിന്റെ ഹാജർ ജനാസ, ഹാജി ഗുലാം മുഹിയിദ്ദീൻ സാഹിബിന്റെ മകൻ ദാവൂദ് അഹ്മദ് സാഹിബ് ശഹീദിന്റേയും മൗലവി മുഹമ്മദ് അശറഫ് സാഹിബിന്റെ മകൻ മുഹമ്മദ് അഅ്ളം അക്ഥീർ സാഹിബിന്റേയും ജനാസ ഗാഇബ്.

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

2016 മെയ് 20/1395 ഹിജ്റത്ത് 20
മസ്ജിദ് നാസിർ-ഗോട്ടൺബർഗ്-സ്വീഡൻ

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْکَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - اَلرَّحْمٰنِ الرَّحِيْمِ - مٰلِکِ يَوْمِ الدِّيْنِ - اِيَّاکَ نَعْبُدُ وَاِيَّاکَ نَسْتَعِيْنُ -
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

ഇന്ന് മെയ് 27-ആണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ വഫാത്തിനുശേഷം അഹ്മദിയ്യാ ജമാഅത്തിൽ ഇന്നേ ദിവസമാണ് ഖിലാഫത്തിന് സമാരംഭം കുറിച്ചതെന്ന് ഓരോ അഹ്മദിക്കും അറിയാവുന്നതാണ്. ഈ ബന്ധംകൊണ്ട് ജമാഅത്തിൽ ഈ ദിനം 'ഖിലാഫത്ത് ദിനം' എന്നപേരിൽ ആചരിക്കപ്പെടുന്നു. അല്ലാഹു നമ്മെ ചിതറിപ്പോകുന്നതിൽനിന്ന് രക്ഷിക്കുകയും ഒരു മാലയിൽ കോർത്തിണക്കുകയും ചെയ്തതിന് നമ്മൾ അവന് നന്ദിപറയുന്നു. ഇത് ഉദ്ധരിച്ചുകൊണ്ട് അഹ്മദിയ്യാ ഖിലഫത്തിന്റെ നിലനില്പിനും അതിനെ എന്നെന്നും നിലനിറുത്തുന്നതിനും എല്ലാവിധ ത്യാഗങ്ങൾക്കും തയ്യാറാണെന്നുള്ള പ്രതിജ്ഞയും നമ്മൾ ചെയ്യുന്നു. ഇൻശാ അല്ലാഹ്.

ഈ പ്രതിജ്ഞ നിറവേറ്റുന്നതിനുവേണ്ടി ഒരു തലമുറയ്ക്കുശേഷം രണ്ടാമത്തെ തലമുറ സുസ്ഥിരമായ ചു വടോടുകൂടി ത്യാഗങ്ങൾ സമർപിച്ചതിന് അഹ്മദിയ്യാ ജമാഅത്തിന്റെ കഴിഞ്ഞ 108 വർഷത്തെ ചരിത്രം സാക്ഷിയാണ്. അല്ലാഹു ഭാവിയിലും ഇപ്പോൾ ജമാഅത്തിലുള്ള ഓരോരുത്തർക്കും അല്ലെങ്കിൽ ഭാവിയിൽ ഇൻശാഅല്ലാഹ് ഇതിൽ ചേരുന്ന ഓരോരുത്തർക്കും എപ്പോഴും ഈ പ്രതിജ്ഞ നിറവേറ്റാനുള്ള തൗഫീഖ് നല്കുമാറകട്ടെ.

ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ നിയോഗോദ്ദേശ്യം മനുഷ്യരെ അല്ലാഹുവുമായി അടുപ്പിക്കുകയും അല്ലാഹുവിനോടുള്ള എല്ലാ കടമകളും നിറവേറ്റാൻ പ്രേരിപ്പിക്കുകയും ചെയ്യുകയാണെന്ന് പറഞ്ഞിരിക്കുന്നു. അൽവസിയ്യത്ത് എന്ന ലഘുകൃതിയിൽ ഖിലാഫത്ത് പുനഃസ്ഥാപനത്തിന്റെ സന്തോഷവാർത്ത നല്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ഇക്കാര്യങ്ങൾ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റിയെടുക്കാൻ നമ്മളോടു നിർദേശിച്ചിരിക്കുന്നു.

അൽവസിയ്യത്തിൽ ഒരു സ്ഥലത്ത് അവിടന്ന് പറയുന്നു: "നിങ്ങൾ പൂർണമായ നിലയിൽ അല്ലാഹുവിലേക്ക് കുനിഞ്ഞാൽ നോക്കൂ, ഞാൻ അല്ലാഹുവിന്റെ ഉദ്ദേശമനുസരിച്ച് നിങ്ങളോട് പറയുകയാണ് നിങ്ങൾ അവന്റെ മഹത്തായ ഒരു സമൂഹമായി മാറുന്നതാണ്. അല്ലാഹുവിന്റെ മഹത്ത്വം നിങ്ങളുടെ ഹൃദയങ്ങളിൽ കുടിയിരുത്തുക. അല്ലാഹു കർമരൂപത്തിൽ അവന്റെ സന്തോഷവും ഔദാര്യവും നിങ്ങളിൽ പ്രകടിപ്പിക്കുന്നതിനുവേണ്ടി, അവന്റെ തൗഹീദിന്റെ ഏറ്റുപറച്ചിൽ നാവുകൊണ്ട് മാത്രമല്ല കർമപരമായ നിലയിലും ചെയ്യുക."

പറഞ്ഞു: "വിരോധംവെച്ചു പുലർത്തുന്നതിൽനിന്ന് വിട്ടുനില്ക്കുക. മനുഷ്യകുലത്തോട് യഥാർഥ സഹാനുഭൂതിയോടുകൂടി പെരുമാറുക. നന്മയുടെ എല്ലാ മാർഗങ്ങളും സ്വീകരിക്കുക. ഏത് മാർഗത്തിലൂടെയാണ് നിങ്ങൾ സ്വീകരിക്കപ്പെടുക എന്ന് അറിയാൻ കഴിയില്ല." (അൽവസിയ്യത്ത് റൂഹാനീ ഖസായിൻ വാള്യം 20 പേജ് 308)

നമ്മൾ തൗഹീദിൽ നിലയുറപ്പിക്കുകയും മനുഷ്യകുലത്തോടുള്ള സഹാനുഭൂതിയിൽ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുകയും അഹ്മദിയ്യാ ഖിലാഫത്തുമായി ഒട്ടിച്ചേർന്ന് നില്ക്കുകയും ചെയ്താൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ള എല്ലാ പുരോഗതിയും നമ്മൾ കാണുന്നവരായി മാറുന്നതായിരിക്കും. ഇക്കാര്യവും അല്ലാഹുവിൽ നിന്ന് അറിവ് കരസ്ഥമാക്കി ഹദ്റത്ത് മസീഹ് മൗഊദ് (അ) നമുക്ക് സന്തോഷവാർത്ത അറിയിച്ചിട്ടുണ്ട്. അവിടന്ന് പറയുന്നു:

"അല്ലാഹു നിങ്ങളെ പാഴാക്കിക്കളയുമെന്ന് നിങ്ങൾ വിചാരിക്കരുത്. നിങ്ങൾ അല്ലാഹുവിന്റെ കൈകളാൽ ഭൂമിയിൽ വിതക്കപ്പെട്ട ഒരു വിത്താണ്. ഈ വിത്ത് വളരുകയും പുഷ്പിക്കുകയും എല്ലാ ഭാഗത്തേക്കും ഇതിന്റെ ശാഖകൾ വ്യാപിക്കുകയും ഒരു വലിയ വൃക്ഷമായിത്തീരുകയും ചെയ്യുമെന്ന് അല്ലാഹു പറയുന്നു." (അൽവസിയ്യത്ത് റൂഹാനീ ഖസായിൻ വാള്യം 20 പേജ് 309)

ഹദ്റത്ത് മസീഹ് മൗഊദ് (അ) സ്ഥാപിച്ചിരിക്കുന്ന ഈ ജമാഅത്ത് അഭിവൃദ്ധിപ്പെടണമെന്നതിന് ഒരുവിധ സംശയവുമില്ല. ഇത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. നമ്മൾ അല്ലാഹുവിനോടുള്ള കടമകളും, സൃഷ്ടികളോടുള്ള കടമകളും നിറവേറ്റുന്നതിനുവേണ്ടി എന്താണ് ചെയ്തുകൊണ്ടിരിക്കുന്നതെന്ന് നമ്മളിൽ ഓരോരുത്തരും ആത്മപരിശോധന നടത്തേണ്ടിവരും. ലോകത്തിന്റെ ദൃഷ്ടികൾ നമ്മുടെ ഭാഗത്തേക്കാണുള്ളത്. തൗഹീദ് സ്ഥാപിക്കുക എന്നജോലിയും അല്ലാഹു നമ്മളെയാണ് ഏല്പിച്ചിട്ടുള്ളത്. അതുകൊണ്ട് സ്വയം അല്ലാഹുവിന്റെ സമീപസ്ഥരാവുകയും ലോകരേയും തങ്ങളുടെ ഏകനായ സ്രഷ്ടാവിന്റെ സമീപസ്ഥരാക്കാൻ പരിശ്രമിക്കുകയും ചെയ്യുക. മനുഷ്യത്വത്തിന്റെ മൂല്യങ്ങൾ സ്ഥാപിക്കുക.

കഴിഞ്ഞ ദിനങ്ങളിൽ സ്കാന്റിനേവിയൻ (Scandinavia) രാജ്യങ്ങളിൽ പര്യടനത്തിലായിരുന്നു. അവിടെ ചില പത്രപ്രതിനിധികളും മറ്റു വിദ്യാസമ്പന്നരായ ആളുകളും ചോദിച്ചത് നിങ്ങളുടെ ഉദ്ദേശ്യമെന്താണെന്നായിരുന്നു. ഞാൻ അവരോടു പറഞ്ഞുകൊണ്ടിരുന്നത്, അഹ്മദിയ്യാ ഖിലാഫത്തിന്റേയും അഹ്മദിയ്യാ ജമാഅത്തിന്റേയും ലക്ഷ്യമെന്നു പറയുന്നത് അല്ലാഹു ഹദ്റത്ത് വാഗ്ദത്ത മസീഹി(അ)നെ അയച്ചതിന്റെ ഉദ്ദേശ്യം കരസ്ഥമാക്കലാണ്. മനുഷ്യരെ അല്ലാഹുവിന്റെ അടുത്തെത്തിക്കുന്നതിന് പൂർണമായും പരിശ്രമിക്കുകയും മനുഷ്യരോടുള്ള കടമ നിർവഹിക്കുകയും ചെയ്യുക എന്നതാണ് ആ ലക്ഷ്യം. ഇതിനെക്കാളുപരിയായി ഞങ്ങൾക്ക് ഒരു ലക്ഷ്യവുമില്ല. കാരണം ലോകം അല്ലാഹുവിനെ മറന്നുകൊണ്ടിരിക്കുന്നതാണ് ഇന്ന് ലോകത്ത് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. പൊതുവെ മനുഷ്യസേവനത്തിന്റെ പേരിൽ സ്വാർഥ താൽപര്യങ്ങൾ നേടുന്നതിനുള്ള ശ്രമം നടന്നു വരുന്നു. ഇതുമുഖേന കൂടുതൽ അസ്വസ്ഥതകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. രാജ്യങ്ങളും ജനതകളും തമ്മിലുള്ള ബന്ധങ്ങളിൽ അകൽച്ചകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു.

സ്വാർഥതാൽപര്യങ്ങളൊന്നും കൂടാതെ, കേവലം അല്ലാഹുവിന്റെ പ്രീതിമാത്രം കരസ്ഥമാക്കുന്നതിനു വേണ്ടി എങ്ങനെയാണ് നിങ്ങൾക്ക് ഇത്തരം പ്രവൃത്തികൾ ചെയ്യാൻ കഴിയുന്നതെ ന്നകാര്യം ഇക്കാലഘട്ടത്തിൽ ഭൗതികർക്ക് വളരെ ബുദ്ധിമുട്ടോടുകൂടി മാത്രമേ മനസ്സിലാവുകയുള്ളൂ.

ഒരു പക്ഷേ അഹ്മദികളായ നിങ്ങൾ സ്നേഹത്തിന്റേയും ഇഷ്ടത്തിന്റേയും പേരിൽ മറ്റുള്ളവരുടെ അടുത്തു വന്നുകൊണ്ടിരിക്കുന്നുവെന്ന തോന്നൽ ഭൗതിക ചിന്താഗതിക്കാർക്കുണ്ടാകും. അല്ലെങ്കിൽ ജനങ്ങളെ നിങ്ങളുടെ അടുത്തേക്ക് കൊണ്ടുവരുന്നതിനുവേണ്ടി പരിശ്രമിച്ചു കൊണ്ടിരിക്കുകയാണെന്നും പിന്നീട് നിങ്ങൾക്ക് ശക്തി ലഭിച്ചുകഴിഞ്ഞാൽ ഭരണകൂടങ്ങളെ കീഴടക്കുക എന്നതായിരിക്കും നിങ്ങളുടെ ലക്ഷ്യമെന്നും അതിനുവേണ്ടിയാണ് നിങ്ങൾ ഈ മാർഗം അവലംബിച്ചിരിക്കുന്നതെന്നും കരുതുന്നുണ്ടാകും. സ്റ്റോക്ക്ഹോം(Stockholm)യൂണിവേഴ്സിറ്റിയിലെ ഇസ്ലാമിക വിഷയങ്ങളുടെ പ്രൊഫസറും ഒരവസരത്തിൽ ഇതുപോലുള്ള ഒരു ചോദ്യം ഉന്നയിച്ചു. അപ്പോൾ ഞാൻ അദ്ദേഹത്തിന് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഒരു പദ്യശകലത്തിലുള്ള മറുപടിയാണ് നല്കിയത്. അതിപ്രകാരമാണ്:

*മുജ്കൊ കിയാ മുൽക്കോം സെ*
*മേരാ മുൽക് ഹെ സബ് സെ ജുദാ*
*മുജ്കൊ കിയാ താജോംസെ*
*മേരാ താജ് ഹെ രിള്‌വാനെ യാർ*

രാജ്യങ്ങളുമായി എനിക്കെന്ത് ബന്ധം! എന്റെ രാജ്യം എല്ലാവരിൽനിന്നും അകന്നതാണ്. കിരീടങ്ങളുമായി എനിക്കെന്ത് ബന്ധം! എന്റെ കിരീടം ദൈവപ്രീതിയാണ്.

ഇതു തന്നെയാണ് അഹ്മദിയ്യാ ഖിലാഫത്തിന്റേയും അഹ്മദിയ്യാ ജമാഅത്തിന്റേയും ലക്ഷ്യം. ഈ യാത്രയിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ മാധ്യമങ്ങളുമായി ഒരുപാട് അഭിമുഖങ്ങൾ നടന്നു. മാൽമോ മസ്ജിദിന്റെ ഉൽഘാടനത്തിനുപുറമെ മറ്റുള്ളവരോടൊത്ത് ഡെന്മാർക്കിലും സ്റ്റോക്ഹോമിലും രണ്ടു സൽക്കാരങ്ങളും (receptions) ഉണ്ടായിരുന്നു. ഇതിൽ ഇസ്ലാമിനേയും വിശുദ്ധ ഖുർആനിന്റെ ശരിയായ അധ്യാപനത്തേയും നബി(സ) തിരുമേനിയുടെ വിശുദ്ധമായ ജീവിത മാതൃകയേയും ഖുലഫാഉർറാശിദീന്റെ മാതൃകകളേയും ഉദ്ധരിച്ചുകൊണ്ട് സംസാരിക്കുകയുണ്ടായി. തങ്ങൾക്ക് യഥാർഥ ഇസ്ലാമിനെക്കുറിച്ച് അറിയാൻ കഴിഞ്ഞത് ഇന്നാണെന്ന് ബഹുഭൂരിഭാഗമാളുകളും പരസ്യമായി പറഞ്ഞു. എപ്പോഴും ഇപ്രകാരം പ്രതികരണം ഉണ്ടായിട്ടുള്ളതാണ്.

ലോകത്ത് ഇന്ന് അഹ്മദിയ്യാ ജമാഅത്ത് മുഖേന വിവിധ സ്ഥലങ്ങളിൽ സമാധാനത്തിന്റെ പേരിൽ നടക്കുന്ന സദസ്സുകളിലും കോൺഫ്രൻസുകളിലും സിമ്പോസിയങ്ങളിലും ആളുകൾ ഇക്കാര്യമാണ് പ്രകടിപ്പിക്കുന്നത്. ഇന്നുലോകത്ത് ഒരേപോലെയും ഒരേയൊരു വിഷയത്തിലും തങ്ങളുടെ മുഴുവൻ പരിശ്രമത്തോടുംകൂടി പടിഞ്ഞാറും കിഴക്കും വടക്കും തെക്കും എല്ലായിടത്തും ഈ ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിനുകാരണം അഹ്മദിയ്യാ ജമാഅത്ത് ഖിലാഫത്തുമായി ബന്ധപ്പെട്ട് നില്ക്കുന്നു എന്നതാണ്. അതിന്റെ നിർദേശമനുസരിച്ചാണ് പ്രവർത്തിക്കുന്നത്.

യഥാർഥ അധ്യാപനത്തെക്കുറിച്ച് ഇപ്പോഴാണ് അറിയാൻ കഴിഞ്ഞതെന്ന് ഞാൻ പറഞ്ഞതുപോലെ ഭൂരിഭാഗമാളുകളും പരസ്യമായി പറയുകയുണ്ടായി. ഇന്ന് അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫയിൽനിന്നാണ് തങ്ങൾക്ക് ഇസ്ലാമിന്റെ യഥാർഥ അധ്യാപനത്തെക്കുറിച്ച് അറിവുണ്ടായത്. അതിനാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നുശേഷം തുടങ്ങിയ ഖിലാഫത്ത് വ്യവസ്ഥിതി വിശ്വാസികൾക്കു മാത്രമല്ല മാർഗദർശനം നല്കിയത്; നല്കുന്നത്, മറ്റുള്ളവർക്കും ഇസ്ലാമിനെ ഭയപ്പെട്ടു കഴിയുന്നവർക്കും ശരിയായ ഇസ്ലാമിക അധ്യാപനത്തിന്റെ മാതൃക കാണിച്ചുകൊടുക്കുകയും ചെയ്യുന്നു.

നമ്മുടെ പരിപാടിയിൽ പങ്കെടുത്ത മറ്റുള്ളവരിലുണ്ടായ പ്രതികരണത്തിന്റെ ചില ഉദാഹരണങ്ങൾ ഞാൻ സമർപിക്കുകയാണ്.

ഡെന്മാർക്കിൽ 'ഹോട്ടൽ മെയ്നി'ൽ ഒരു സൽക്കാരം (receptions)സംഘടിപ്പിച്ചിരുന്നു. അതിൽ പാർലമെന്റംഗങ്ങളും പങ്കെടുത്തിരുന്നു. അവിടെത്തെ സാംസ്കാരികവും മതപരവുമായ വകുപ്പ് തല മന്ത്രിയും മേയറും രാഷ്ട്രീയ നേതാക്കളും വിവിധ തുറകളിലെ വൈജ്ഞാനികവ്യക്തിത്വങ്ങളും സന്നിഹിതരായിരുന്നു. എമ്പസികളുടെ പ്രതിനിധികളും പങ്കെടുത്തിരുന്നു. അവർ ഈ പരിപാടി കേൾക്കുകയും കാണുകയും ചെയ്തു. പ്രത്യേകത ഒന്നും കല്പിക്കാതെ എല്ലാവരും തങ്ങൾക്ക് ഇസ്ലാമിനെക്കുറിച്ച് അറിവുണ്ടായി എന്ന അഭിപ്രായമാണ് പ്രകടിപ്പിച്ചത്.

ഡാനിഷ് അതിഥി Stenhalfmen പറഞ്ഞു: 'ഖലീഫയുടെ പ്രസംഗം കേട്ട് എനിക്കു വളരെയധികം സമാധാനമുണ്ടായിരിക്കുന്നു. സന്തോഷമുണ്ടായിരിക്കുന്നു. ഇന്നത്തെ ഇക്കാലഘട്ടത്തിൽ ഇത്തരം സന്ദേശങ്ങൾക്ക് വളരെയേറെ ആവശ്യമുണ്ട്. പിന്നീടു പറഞ്ഞു, സ്കാന്റിനേവിയായിൽ ഖലീഫയുടെ വാക്കുകൾ നല്ല രീതിയിൽ മനസ്സിലാക്കപ്പെടാൻ ദൈവം അനുഗ്രഹിക്കുമാറാകട്ടെ.'

ഡെന്മാർക്കിലെ ഒരു പട്ടണമാണ് നാക്കിസ്ക്കൊ. അവിടെ നിന്ന് വലിയ തോതിൽ ആളുകൾ വന്നിരുന്നു, പട്ടണത്തിന്റെ മേയറും രാഷ്ട്രീയക്കാരും മറ്റു വിദ്യാസമ്പന്നരും പങ്കെടുത്തിരുന്നു. അവിടെത്തെ കൗൺസിലിലെ ഒരു മെമ്പർ ഉണ്ടായിരുന്നു. അദ്ദേഹം പറയുന്നു:

'ഖലീഫയുടെ പ്രസംഗം വളരെയേറെ സ്വാധീനമുളവാക്കുന്നതായിരുന്നു. ലക്ഷക്കണക്കിന് മുസ്ലീംകൾ നിർഭയരായി ലോകത്ത് സമാധാനം സ്ഥാപിക്കുക എന്ന ഒറ്റ ഉദ്ദേശ്യത്തോടെ ഒരു തിളങ്ങുന്ന മിനാരംപോലെ എഴുന്നേറ്റു നില്ക്കുന്നുവെന്നും അവർ അഹ്മദിയ്യാ ജമാഅത്തുമായി ബന്ധപ്പെട്ടവരാണെന്നും അറിഞ്ഞ് എനിക്ക് വളരെയേറെ സന്തോഷമുണ്ടായിരിക്കുന്നു.'

ഒരു അതിഥി പറഞ്ഞു:'പ്രസംഗത്തിന് ശേഷം എന്റെ മേശയിൽ ഇരുന്നിരുന്ന എല്ലാവരും ഇസ്ലാമിനെ ശരിയായ രീതിയിൽ മനസ്സിലാക്കിയതിനെ കുറിച്ചാണ് സംസാരിച്ചുകൊണ്ടിരുന്നത്. അവർ പറയുന്നുണ്ടായിരുന്നു; തീർചയായും ഇത് വളരെ സന്തോഷം നല്കുന്ന കാര്യമാണ്. ഇസ്ലാമിനെ ഇത്ര മനോഹരമായ രീതിയിലാണ് അവതരിപ്പിച്ചിരിക്കുന്നത്. പ്രത്യേകിച്ച് ഡാനിഷ് ജനങ്ങൾ ഇസ്ലാമിന്റെ ഒരു വശം മാത്രമാണ് അറിയുന്നത്. ഇസ്ലാമിൽ സമാധാനം ആഗ്രഹിക്കുന്ന വിവിധ വിഭാഗങ്ങൾ ഉണ്ടെന്ന കാര്യം പോലും ഇവർക്കറിയില്ല. എന്നെ സംബന്ധിച്ചിടത്തോളം ഇക്കാര്യം പറയേണ്ടത് വളരെ അനിവാര്യമായിരുന്നു. ഇന്ന് ഈ പരിപാടിയിൽ പങ്കെടുക്കുന്ന എല്ലാ അതിഥികളും ഒരു പുതിയ പ്രതിജ്ഞയോടെയായിരിക്കും വീട്ടിലേക്ക് തിരിച്ച് പോകുക എന്ന് എനിക്ക് ഉറപ്പുണ്ട്.' ഡെന്മാർക്കിലാണ് കാർട്ടൂണിന്റെ അടിത്തറ പതിഞ്ഞത്. അതുമുഖേന വിദ്വേഷമുണ്ടാകുമെന്നും സമാധാനഭംഗമുണ്ടാകുമെന്നും നാശവും വിപത്തും വരുമെന്നും ഇതല്ലാതെ നിങ്ങൾക്ക് മറ്റൊന്നും കിട്ടുകയില്ലെന്നും ഞാൻ പറഞ്ഞിരുന്നു. ഇക്കാര്യങ്ങൾ അവർ സമ്മതിച്ചു: 'ഈ ഇഷ്യൂവിനെക്കുറിച്ച് ഞങ്ങൾക്ക് ബോധമുണ്ട്; ഈ കാർട്ടൂണുകളെക്കുറിച്ച് സംസാരിക്കുന്നതിൽ. പക്ഷേ, ഏതു രീതിയിലാണോ താങ്കൾ കാര്യം മനസ്സിലാക്കിത്തന്നത്, അത് ഞങ്ങൾക്ക് വളരെ നല്ലനിലയിൽ മനസ്സിലായിരിക്കുന്നു.'

ഒരു അതിഥി പറഞ്ഞു: 'ഇന്നത്തെ പ്രസംഗത്തിനുശേഷം മുസ്ലീംകളെക്കുറിച്ചുള്ള ആളുകളുടെ അഭിപ്രായം തീർച്ചയായും മാറിയിട്ടുണ്ടാകും.' പറഞ്ഞു: 'ഇപ്പോൾ ഞാൻ ഇസ്ലാമിനെക്കുറിച്ച് നല്ലവണ്ണം അറിയുന്നതിനുവേണ്ടി ഒരു വിശുദ്ധ ഖുർആൻ വാങ്ങിപ്പിച്ചിട്ടുണ്ട്. അതിൽ അടിക്കുറിപ്പുകളുമുണ്ട്. ഇന്നത്തെ വൈകുന്നേരത്തിനുശേഷം എന്റെ അറിവില്ലായ്മയെക്കുറിച്ചും ബോധമുണ്ടായിരിക്കുന്നു.' പറഞ്ഞു, 'ഞാൻ വിശുദ്ധ ഖുർആനും പഠിക്കുന്നതാണ്.'

ഞാൻ പറഞ്ഞതു പോലെ നഗരത്തിലെ നാക്കിസ്കോയിൽ നിന്ന് ആളുകൾ വന്നിരുന്നു. അവർ പരിപാടിക്ക് ശേഷം തിരിച്ച് പോവുകയായിരുന്നു. ആ അവസരത്തിൽ ഒരു അതിഥി എഴുതി:'ഞങ്ങൾ താങ്കൾക്ക് ആയിരംവട്ടം നന്ദി പറയുകയാണ്.' പറയുന്നു, 'ഈ സമ്മേളനം ഒരു സ്മരണനിമിഷമെന്ന നിലയിൽ ജീവിതം മുഴുവൻ നിലനില്ക്കുന്നതാണ്. അനുഭവമെന്ന നിലയിൽ നിലനില്ക്കുന്നതാണ്.' പറഞ്ഞു: 'കോപ്പൺഹേഗിൽനിന്ന് നാക്കിസ്ക്കൊ മടങ്ങിയെത്തുന്നതുവരെ കോച്ചിൽ ഒരു പ്രത്യേക അവസ്ഥയായിരുന്നു. യാത്ര മുഴുവൻ ഈ സമ്മേളനത്തെകുറിച്ചുള്ള ചർച്ചയായിരുന്നു. തങ്ങൾ ഒരു നല്ല ദിവസം കഴിച്ചുകൂട്ടിയെന്നും പഠിക്കാൻ ഒരുപാട് കിട്ടിയെന്നുമുള്ളതിനോടു എല്ലാവരും യോജിച്ചു.'

ഒരു പത്രപ്രവർത്തകൻ തന്റെ വികാരങ്ങൾ പ്രകടിപ്പിച്ചത് ഇപ്രകാരമായിരുന്നു: 'ഒരുപാട് പഠിച്ചു. ഖലീഫയുടെ പ്രസംഗം എന്നെ ചിന്തിക്കാൻ നിർബന്ധിച്ചിരിക്കുകയാണ്. പ്രത്യേകിച്ചും മാധ്യമങ്ങളിൽ കാണിക്കുന്ന ഇസ്ലാമിന്റെ ചിത്രം യാഥാർഥ്യത്തിൽനിന്ന് വളരെ വിഭിന്നമാണ്.' പറയുന്നു: 'എനിക്ക് അദ്ദേഹത്തിന്റെ ഒരു കാര്യത്തേയും വിമർശിക്കാൻ സാധിക്കുകയില്ല. കാരണം അദ്ദേഹത്തിന്റെ എല്ലാ വാക്കുകളും സ്നേഹത്തെ കുറിച്ചും പരസ്പരം

ബഹുമാനിക്കുന്നതിനെ കുറിച്ചുമായിരുന്നു.' അദ്ദേഹം പറഞ്ഞു, 'ഇക്കാര്യങ്ങളാണ് സമാധാനത്തിന്റെ താക്കോൽ.'

പിന്നീട് പറഞ്ഞു, 'അദ്ദേഹം നമ്മളോടു മറ്റൊരു ലോകമഹായുദ്ധത്തിന്റെ അപകടത്തെ കുറിച്ച് പറയുകയുണ്ടായി. ഞാൻ ഇപ്പോൾ വളരെ പ്രയാസത്തിലാണ്. ഞാൻ മുമ്പേ ഒന്നുരണ്ടാളുകളിൽ നിന്ന് നമ്മൾ ലോക മഹാ യുദ്ധത്തിന് സമീപത്താണെന്ന് കേട്ടിട്ടുണ്ട്. എന്നാൽ, ഞാൻ അതിൽ വിശ്വസിച്ചിരുന്നില്ല. പക്ഷേ, ഇന്ന് എന്റെ ചിന്താഗതി മാറിയിരിക്കുന്നു. ഇനി ഞാൻ ഇക്കാര്യം ഗൗരവമായി എടുക്കേണ്ടതുണ്ട്.' പറഞ്ഞു, 'ഖലീഫ ഇക്കാര്യം എന്നെ ചിന്തിപ്പിക്കുന്ന വിധത്തിലാണ് അവതരിപ്പിച്ചിട്ടുള്ളത്.'

ഒരു വനിത അതിഥി തന്റെ അഭിപ്രായം പ്രകടിപ്പിച്ചത് ഇങ്ങനെയായിരുന്നു: 'ഇക്കാര്യങ്ങൾ ചിന്തിക്കാൻ നിർബന്ധിതയാക്കുന്നതായിരുന്നു. എന്നാൽ, ഒരു വിധത്തിൽ പ്രയാസപ്പെടുത്തുന്നതുമായിരുന്നു. കാരണം അദ്ദേഹം ഭാവിയെ കുറിച്ച് വളരെ അപകടകരമായ ഒരു ചിത്രമാണ് വരച്ചത്. അദ്ദേഹം യുദ്ധത്തിന്റെ അപകടങ്ങളെ കുറിച്ച് നമ്മെ ജാഗ്രതപ്പെടുത്തിയിരിക്കുന്നു.' അദ്ദേഹം പറഞ്ഞു: 'സമാധാനത്തിന് വേണ്ടി പരിശ്രമിക്കേണ്ട സമയം ഇതാണ്. അല്ലെങ്കിൽ നാം ഭാവിയിൽ പശ്ചാത്തപിക്കും.'

ഒരു വനിത ഡാനിഷ് അതിഥി പറഞ്ഞു: 'ഇന്നേക്കു മുമ്പേ ഇസ്ലാമിനെക്കുറിച്ച് നെഗറ്റീവായിട്ടുള്ള കാര്യങ്ങളായിരുന്നു അറിഞ്ഞിരുന്നത്. എന്നാൽ, ഇന്നു ഞാൻ കേട്ടത് നല്ലതും സ്നേഹനിർഭരവുമായ സന്ദേശമായിരുന്നു. കടകട ഇസ്ലാമല്ലെന്ന് ഞാൻ പഠിച്ചു. എല്ലാ മതങ്ങളുടേയും ആരാധനാലയങ്ങളെ സംരക്ഷിക്കണമെന്നതാണ് ഇസ്ലാമിന്റെ അധ്യാപനം.'

മറ്റൊരു ഡാനിഷ് സ്ത്രീ പറഞ്ഞു: 'മാധ്യമങ്ങൾ മുഖേന പ്രദർശിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഇസ്ലാം തെറ്റാണെന്ന് സ്ഥാപിച്ചുകാണിക്കുന്ന ഒരു വ്യക്തിയെ ഞാൻ കണ്ടു. ഞാൻ വളരെ വികാരഭരിതയും ആവേശനിർഭരയുമായിരിക്കുന്നു. ജിഹാദിന്റെ ഉദ്ദേശ്യം മനസ്സിലാക്കിത്തരുന്ന ഒരു വ്യക്തിയെ ഞാൻ കണ്ടിരിക്കുന്നു. മാധ്യമങ്ങളുടെ ആവിഷ്കാര സ്വാതന്ത്ര്യവും ലോകത്ത് സമാധാനത്തിന്റെ സന്തുലിതാവസ്ഥയും നിലനിറുത്തുന്നതിനെക്കുറിച്ച് അദ്ദേഹം പറഞ്ഞ കാര്യങ്ങൾ എനിക്കു വളരെ ഇഷ്ടപ്പെട്ടു.'

ഒരു ഡാനിഷ് അതിഥി പറഞ്ഞു: 'ഖലീഫ തന്റെ പ്രസംഗത്തിൽ വിശുദ്ധ ഖുർആൻ ഉദ്ധരിക്കുകയുണ്ടായി. ഇക്കാര്യത്തിൽനിന്ന് മനസ്സിലാകുന്നത് അദ്ദേഹത്തിന്റെ വാക്കുകൾ സ്വയം മെനഞ്ഞെടുത്തതല്ലെന്നാണ്. എന്നല്ല യാഥാർഥ്യത്തിലധിഷ്ഠിതമായിരുന്നു.' പറഞ്ഞു: 'പടിഞ്ഞാറുള്ള മുസ്ലിംകൾക്ക് സമന്വയം(Integration) സാധ്യമാണെന്ന കാര്യം ഇതിൽ നിന്ന് തെളിയുന്നു. കാരണം ഇസ്ലാം പാശ്ചാത്യ മൂല്യങ്ങൾക്ക് വിരുദ്ധമല്ലെന്നാണ് അദ്ദേഹം പറഞ്ഞത്. എന്തുകൊണ്ടെന്നാൽ, സമാധാനവും സഹിഷ്ണുതയും പരസ്പരബഹുമാനവും കൂട്ടുടമയിലുള്ള മൂല്യങ്ങളാണ്.'

പിന്നീടു പറഞ്ഞു: 'മധ്യപൂർവദേശത്തു യുദ്ധങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതുകൊണ്ട് സത്യം പറഞ്ഞാൽ ഡാനിഷുകാർ മുസ്ലീംകളെ ഒരുപാട് ഭയപ്പെടുകയാണ്. എന്നാൽ, കുറഞ്ഞപക്ഷം ഇന്നേക്കുശേഷം അവിടെ നടന്നുകൊണ്ടിരിക്കുന്നത് മുഹമ്മദു നബി(സ)തിരുമേനിയുടേയോ അദ്ദേഹത്തിന്റെ മതത്തിന്റേയോ തെറ്റല്ലെന്നും അദ്ദേഹത്തിന്റെ അധ്യാപനത്തെ വളച്ചൊടിച്ചാതണെന്നും ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞു.'

യൂണിവേഴ്സിറ്റിയിലെ ഒരു വിദ്യാർഥി ഉണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു: 'അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ പോയന്റുകൾ വളരെ വ്യക്തമായിരുന്നു. ഇസ്ലാമിന്റെ മൂല്യങ്ങൾ പ്രകടിപ്പിക്കപ്പെട്ടത് വളരെ വ്യക്തമായിരുന്നു. ഈ മൂല്യങ്ങൾ നമ്മൾ സ്വായത്തമാക്കേണ്ടതാണ്.' പറഞ്ഞു: 'ഇസ്ലാം സമാധാനനിർഭരമായ മതമാണെന്ന് എന്നിലും ഇതിൽപങ്കെടുത്തിട്ടുള്ള എല്ലാവരിലും ഇന്ന് സ്ഥാപിച്ചുകാണിച്ചു. ഇത് വിശുദ്ധ ഖുർആനിലെ വചനങ്ങൾ ഉദ്ധരിച്ചുകൊണ്ടാണ് സ്ഥാപിച്ചത്. നബി(സ)തിരുമേനിയുടെ ജീവിതവും അദ്ദേഹത്തിന്റെ ഖലീഫമാരുടെ മാതൃകകളുംകൊണ്ടാണ് സ്ഥാപിച്ചത്. എനിക്ക് വളരെ നന്നായി തോന്നി. അഹ്മദിയ്യാ ജമാഅത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും വ്യക്തമാക്കി. ഇതുമുഖേന എനിക്ക് ശരിയായ ഇസ്ലാമിനെ മനസ്സിലാക്കാൻ അവസരം കിട്ടി.' മനസ്സിലാക്കാനുള്ള അവസരം ലഭിച്ചു.

മറ്റൊരു അതിഥി തന്റെ വികാരങ്ങൾ പ്രകടിപ്പിച്ചത് ഇങ്ങനെയായിരുന്നു: 'ഏതു രീതിയിലാണോ അദ്ദേഹം നമ്മുടെ തലമുറയേയും ഇപ്പോൾ നേരിടുന്ന പ്രശ്നങ്ങളേയും കുറിച്ച് സംസാരിച്ചത് വിശുദ്ധ ഖുർആനെ അടിസ്ഥാനമാക്കിക്കൊണ്ട് ആ പ്രശ്നങ്ങൾക്ക് പരിഹാരം പറഞ്ഞത് അത് വളരെ ഉന്നതമായിരുന്നു. കുറഞ്ഞപക്ഷം എനിക്ക് ഇന്നേക്കുമുമ്പേ വിശുദ്ധ ഖുർആൻ നീതിയെക്കുറിച്ച് ഇത്രമാത്രം പറയുന്നുണ്ടെന്ന് അറിയില്ലായിരുന്നു.' പിന്നീടു പറഞ്ഞു, 'ഇസ്ലാമിനെക്കുറിച്ചുള്ള എന്റെ വീക്ഷണഗതികൾ തികച്ചും മാറിപ്പോയി. ആദ്യം എനിക്കറിവുണ്ടായിരുന്നത് മാധ്യമങ്ങൾ പറയുന്നതായിരുന്നു. എന്നാൽ, ഇപ്പോൾ ഞാൻ മറുഭാഗത്തെ യാഥാർഥ്യവും അറിഞ്ഞിരിക്കുന്നു.' പറഞ്ഞു, 'വിശുദ്ധ ഖുർആനിലെ ഒരു ആയത്ത് കാലത്തിന്റെ ഖലീഫ ഉദ്ധരിച്ചു. അതിൽ ഇഷ്ടപ്പെടാത്തവരോടും മനുഷ്യൻ നീതി കാണിക്കണമെന്നാണ് പറഞ്ഞിരുന്നത്. ആദ്യകാല മുസ്ലീംകൾ യഹൂദികളോടും ക്രിസ്ത്യാനികളോടും നല്ല രീതിയിൽ പെരുമാറിയിരുന്നുവെന്ന് അദ്ദേഹം പറഞ്ഞത് എനിക്ക് ഏറെ ഇഷ്ടപ്പെട്ടു. ഇക്കാര്യം എന്റെ മനസ്സിനെ ആഴത്തിൽ സ്വാധീനിച്ചിരിക്കുന്നു.'

പിന്നീട് ഹ്യൂമാനിറ്റി സൊസൈറ്റിയുമായി ബന്ധമുള്ള ഒരു സ്ത്രീ പറഞ്ഞു: 'സമാധാനനിർഭരമായ സന്ദേശത്തെ കുറിച്ച് ജനങ്ങൾക്കു കുറച്ചുമാത്രമേ അറിയുകയുള്ളൂ. മാധ്യമങ്ങൾ ചീത്തക്കാര്യങ്ങൾ മാത്രമാണ് മുന്നിൽ കൊണ്ടുവരുന്നത്. നല്ല കാര്യങ്ങളെ കുറിച്ച് ഒന്നുംതന്നെ പറയുകയില്ല. ഡെന്മാർക്കിലെ എല്ലാ മാധ്യമങ്ങളും ഇന്നിവിടെ ഉണ്ടാകേണ്ടതായിരുന്നു. എന്റെ നാട്ടുകാരുടെ ഇത്തരം രീതിയിലുള്ള നടപടിയിൽ ഞാൻ വളരെ നിരാശയാണ്.'

മറ്റൊരു ഡാനിഷ് വനിത പറഞ്ഞു: 'എനിക്ക് ഇസ്ലാമിനെ കുറിച്ച് ഒന്നും തന്നെ അറിവുണ്ടായിരുന്നില്ല. എന്നാൽ, ഇന്ന് ഞാൻ വളരെ അധികം പഠിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ നിങ്ങളുടെ ഖലീഫ എന്റെ ഗുരുവാണെന്ന കാര്യത്തിൽ ഞാൻ സന്തോഷിക്കുന്നു. ഇസ്ലാം സമാധാനം നിറഞ്ഞ മതമാണെന്ന് ഞാൻ വിശ്വസിക്കുന്നു.' പിന്നീട് അവർ പറഞ്ഞു: 'ജനങ്ങൾ അദ്ദേഹത്തിന്റെ സന്ദേശം ശ്രദ്ധിക്കണമെന്നത് എന്റെ ആഗ്രഹമാണ്. എനിക്ക് എല്ലാ വാക്കുകളും നല്ലവണ്ണം ഗ്രഹിക്കുന്നതിനും മറ്റുള്ളവർക്കു പറഞ്ഞുകൊടുക്കുന്നതിനുംവേണ്ടി ഈ പ്രസംഗത്തിന്റെ ഡാനിഷ് തർജമ ലഭിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.' പിന്നീട് അവർ പറഞ്ഞു: 'ഖലീഫയുടെ സന്ദേശം ഡെന്മാർക്കു മുഴുവൻ പ്രചരിപ്പിക്കേണ്ടതാണ്. നമുക്ക് അദ്ദേഹത്തിന്റെ സന്ദേശം അംഗീകരിക്കേണ്ടതുണ്ട്. അതിൽ നിന്ന് പഠിക്കേണ്ടതുണ്ട്. എനിക്കു തോന്നിയിരുന്നത് എല്ലാ മുസ്ലിംകളും തീവ്രവാദികളായിരിക്കുമെന്നാണ്. എന്നാൽ, അത്തരം ചിന്താഗതി ഉണ്ടായതിൽ ഇപ്പോൾ എനിക്ക് വളരെയധികം ലജ്ജ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇവരിൽ ഭൂരിഭാഗവും നല്ലവരാണ്. എന്നാൽ, മാധ്യമങ്ങൾ നമ്മുടെ മനസ്സ് നിറച്ചുവെച്ചിരിക്കുകയാണ്.' പിന്നീട് പറഞ്ഞു: 'എന്റെ ഭർത്താവ് ഇന്ന് രാവിലെ ഞാൻ ഇവിടെ വരുന്നതിൽ നിന്ന് വിലക്കുകയായിരുന്നു. കാരണം അവിടെ എന്തെങ്കിലും ആക്രമണം നടക്കുമെന്ന് അദ്ദേഹത്തിന് തോന്നലുണ്ടായിരുന്നു. അതല്ലെങ്കിൽ എന്തെങ്കിലും ചാവേർ ആക്രമണമുണ്ടാകും. എന്നാൽ, ഞാൻ അദ്ദേഹത്തെ വരാൻ നിർബന്ധിച്ചു. കാരണം എനിക്ക് അന്വേഷണത്വര ഉണ്ടായിരുന്നു.' ഇപ്പോൾ അദ്ദേഹം വന്നതിൽ അവരും സന്തോഷിക്കുന്നു. (ഭാര്യയും ഭർത്താവും വന്നിരുന്നു) പറയുന്നു: 'എന്നല്ല അദ്ദേഹം വളരെയധികം വികാരഭരിതനായിത്തീർന്നിരിക്കുന്നു.' പിന്നീട് പറഞ്ഞു:'ക്ഷണിച്ചിട്ടും വരാതിരുന്നയാൾ വലിയ വിഡ്ഢിയാണെന്ന് ഞാൻ പറയും.'

ഒരു ഡാനിഷ് രാഷ്ട്രീയനേതാവ് കിം ലോഫ് ഹോം(Kim Lofholm) പറഞ്ഞു, 'ഞാൻ ഒരു ഖലീഫയെ കണ്ട ആദ്യത്തെ അവസരമായിരുന്നു ഇത്. അദ്ദേഹവുമായി കണ്ടുമുട്ടിയ അനുഭവം എന്റെ ജീവിതത്തിൽ മറ്റേതെങ്കിലും മുസ്ലിമുമായി കണ്ടുമുട്ടിയതിൽ നിന്ന് തികച്ചും വ്യത്യസ്തമായിരുന്നു.' പറഞ്ഞയാളോട് അദ്ദേഹം പറഞ്ഞു: 'താങ്കളുടെ ഇമാം ഇസ്ലാമിനെ കുറിച്ച് ഞാൻ കണ്ടുമുട്ടിയിട്ടുള്ള മറ്റ് അറേബ്യൻ മുസ്ലിംകൾ പറയാത്ത കാര്യമാണ് പറയുന്നത്. ഇസ്ലാം എല്ലാ മതങ്ങൾക്കും സ്വാതന്ത്ര്യം നല്കുന്നുവെന്ന കാര്യം നിങ്ങളുടെ ഖലീഫ വളരെ വ്യക്തമാക്കുന്നു.' പറഞ്ഞു, 'ലോകത്തിന് ഖലീഫയുടെ ശബ്ദം കേൾക്കേണ്ട ആവശ്യമാണുള്ളത്. അദ്ദേഹത്തിന്റെ വാക്കുകൾ ദൂരദൂരവരെ പ്രചരിക്കേണ്ടതാണ്. നിങ്ങൾ ഒരു ചെറിയ ജമാഅത്തായിരിക്കാം. എന്നാൽ, നിങ്ങളുടെ സന്ദേശം വളരെ വലുതാണ്.'വീണ്ടും പറഞ്ഞു:'പരിപാടി വളരെ വിജ്ഞാനപ്രദമായിരുന്നു. ഉദാഹരണമായി ഞാൻ മുഹമ്മദ് നബി (സ)യെ കുറിച്ചും വിശുദ്ധ ഖുർആനെ കുറിച്ചും അറിഞ്ഞു. ഉദാഹരണമായി അദ്ദേഹം ക്രിസ്ത്യാനികൾക്ക് തന്റെ മസ്ജിദിൽ ആരാധന നടത്താൻ അനുവാദം നല്കി. അതുപോലെ എല്ലാ വിധത്തിലുമുള്ള ആന്റി സെമിറ്റിസത്തിനും(anti semitism)അദ്ദേഹം എതിരായിരുന്നു.'

അമേരിക്കൻ എമ്പസിയുടെ പ്രതിനിധി പറഞ്ഞു: 'ഖലീഫ ഇസ്ലാമിന്റെ യാഥാർഥ്യം കാണിച്ചുതന്നു. ബ്രസീലിലേയും പാരിസിലേയും ആക്രമണത്തിന് ശേഷം ആളുകൾ ഇസ്ലാമിനെ ഭയക്കാൻ തുടങ്ങിയിരുന്നു. എന്നാൽ, ഈ തീവ്രവാദത്തിന് ഇസ്ലാമുമായി ഒരു ബന്ധവുമില്ലെന്ന് ഖലീഫ വ്യക്തമാക്കുകയുണ്ടായി. ഇസ്ലാം ഒരു യുക്തിയുടേയും സമാധാനത്തിന്റേയും സന്ദേശമാണ്. ഞാൻ ഖലീഫ പറഞ്ഞ സങ്കീർണമായ വിഷയങ്ങളെ കുറിച്ചും ആവിഷ്കാര സ്വാതന്ത്ര്യത്തെ കുറിച്ചും ഇന്ന് ജനങ്ങൾ ഒരുമിച്ച് നില്ക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ചും തുടങ്ങി എല്ലാ പോയന്റുകളും അമ്പാസിഡർക്ക് പറഞ്ഞു കൊടുക്കുന്നതാണ്.'

ഒരു ഡാനിഷ് അതിഥി ടീച്ചർ പറഞ്ഞു, 'ഇന്ന് ഞാൻ ഇസ്ലാമിനെക്കുറിച്ച് ഒരുപാട് പഠിച്ചു. നിങ്ങളുടെ ഖലീഫയിൽനിന്ന് കേട്ടതെല്ലാം ഞാനെന്റെ വിദ്യാർഥികളോടു പോയി പറയുന്നതാണ്.' പറഞ്ഞു: 'ഒരുപാടാളുകൾ ഇസ്ലാമിനെ ഭയക്കുന്നുണ്ട്. എന്നാൽ, നമ്മൾ ഇസ്ലാമിനെയല്ല തടയേണ്ടത്. പ്രത്യുത ഭീകരവാദത്തേയും ഭീകരപ്രവർത്തനങ്ങളേയുമാണ് തടയേണ്ടതെന്ന് ഖലീഫയിൽ നിന്ന് ഞാൻ പഠിച്ചു. ഇസ്ലാമും ഭീകരവാദവും ഒന്ന് മറ്റൊന്നിൽനിന്ന് അകന്നതാണ്.'

പറയുന്നു: 'എനിക്ക് ഇസ്ലാമിനെ കുറിച്ച് അറിയാമെന്നാണ് ഞാൻ ധരിച്ചിരുന്നത്. എന്നാൽ, യഥാർഥത്തിൽ എനിക്ക് ഒന്നും അറിയില്ലായിരുന്നു. ഉദാഹരണമായി നബി(സ)തിരുമേനി ക്രിസ്ത്യാനികളോടും യഹൂദികളോടും നല്ല രീതിയിലാണ് പെരുമാറിയിരുന്നതെന്ന കാര്യം എനിക്കറിയില്ലായിരുന്നു. ഇക്കാര്യം വളരെ അധികം എന്നെ വികാരഭരിതയാക്കി. അദ്ദേഹത്തിന്റെ പ്രസംഗം വളരെ കനപ്പെട്ടതായിരുന്നു. മോശമായ കർമങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന ചില മുസ്ലിംകളേയും അമുസ്ലിംകളേയുമെല്ലാം അദ്ദേഹം വിമർശിക്കുകയുണ്ടായി.'

മറ്റൊരു അതിഥി പറഞ്ഞു: 'ഏതൊരു രീതിയിലാണോ പ്രസംഗിച്ചത് ഞാൻ കണ്ടു, താങ്കൾ മറ്റു പ്രസംഗകരുടെ വാക്കുകളും വളരെ ശ്രദ്ധയോടു കൂടി കേട്ടു കൊണ്ടാണ്.' പറഞ്ഞു: 'മൂന്നാം ലോകമഹായുദ്ധത്തെ കുറിച്ച് താങ്കൾ പറഞ്ഞ കാര്യം വളരെ അധികം ഉൾക്കാഴ്ച ഉൾക്കൊള്ളുന്നതായിരുന്നു. അത് കേട്ട ഞാൻ അല്പം പരിഭ്രമിക്കുകയും ചെയ്തു. എന്നാൽ, താങ്കളുടെ പ്രസംഗത്തിൽ നിന്നുതന്നെ മറ്റൊരു വിധത്തിലുള്ള സമാധാനം ലഭിക്കുകയും ചെയ്തു.'

മാൽമോയിലും ഏകദേശം 140 ൽ അധികം സ്വീഡിഷ് അതിഥികൾ പങ്കെടുത്തിരുന്നു. മസ്ജിദിന്റെ ഉദ്ഘാടന വേളയിൽ പാർലമെന്റ് അംഗങ്ങൾ, മാൽമോ സിറ്റിയുടെ മേയർ, പോലീസ് ചീഫ്, സിറ്റി ചർച്ചിന്റെ പ്രതിനിധികൾ, യൂണിവേഴ്സിറ്റിയിലെ പ്രൊഫസർമാർ, വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടവരും പങ്കെടുത്തു.

ഒരു യഹൂദി അതിഥി പറഞ്ഞു: 'ഇന്നത്തെ ഈ ദിവസം എന്നെ സംബന്ധിച്ചിടത്തോളം വളരെ അധികം വിജ്ഞാനപ്രദമായിരുന്നു. കാരണം ഞാൻ ഇന്ന് ഇസ്ലാമിനെ കുറിച്ച് വളരെ അധികം കാര്യങ്ങൾ പഠിച്ചിരിക്കുന്നു.' പറയുന്നു: 'ഈ ലോകത്ത് ഇസ്ലാമിനെ കുറിച്ച് വളരെ അധികം നെഗറ്റീവായ ചിന്താഗതിയാണ് നിലനില്ക്കുന്നത്. നമ്മളെല്ലാവരും മുസ്ലിംകളുടെ തീവ്രവാദത്തെ ഭയപ്പെടുന്നു. അതുകൊണ്ട് ഞാൻ ഒരു മുസ്ലിം നേതാവിന്റെ സ്നേഹത്തെകുറിച്ചുള്ള സന്ദേശം മാത്രം കേട്ട് അത്ഭുതപ്പെട്ടുപോയി.' പറയുന്നു: 'അദ്ദേഹം പറഞ്ഞു, 'നിങ്ങൾ ദൈവത്തെ ആരാധിക്കേണ്ടതാണ്;അതോടൊപ്പം മനുഷ്യരെ സ്നേഹിക്കുകയും ചെയ്യേണ്ടതാണ്.' പറയുന്നു: 'ഖലീഫ എനിക്ക് മുസ്ലിംകളും നമ്മുടെ സഹോദരങ്ങളാണെന്ന ചിന്തയുണ്ടാക്കി. അതുമുഖേന എന്റെ ഹൃദയത്തിൽ ഫലസ്തീനികളോടുള്ള ദയ വർധിച്ചു. അവരിൽ എല്ലാവരും ചീത്തയല്ല എന്ന ചിന്തയുണ്ടായി.' ഏതായാലും തങ്ങളുടെ തെറ്റ് ആരും അംഗീകരിക്കുകയില്ല. എന്നാൽ, ദയ കാണിക്കണമെന്ന കാര്യം അദ്ദേഹം അംഗീകരിച്ചു.

ആശുപത്രിയിൽ ജോലി ചെയ്യുന്ന ക്രൈസ്തവ പ്രീസ്റ്റായ ഒരു സ്ത്രീ പറഞ്ഞു, 'ഇവിടെ മാൽമോയിലും യൂറോപ്പിലും ആളുകൾ മുസ്ലിംകളെകൊണ്ടും മസ്ജിദുകളെകൊണ്ടും ഭയപ്പെട്ടു കഴിയുന്നുവെന്നാണ് ഞാൻ വിചാരിക്കുന്നത്. എന്നല്ല അത് വാസ്തവവുമാണ്. ഖലീഫ സമാധനത്തെ കുറിച്ചും ജനങ്ങളുടെ ഉത്തരവാദിത്വം എന്താണെന്നതിനെകുറിച്ചും വളരെ സുപ്രധാനമായ കാര്യം പറഞ്ഞിരിക്കുന്നു. അദ്ദേഹം നമുക്ക് മസ്ജിദിന്റെ ഉദ്ദേശ്യത്തെ കുറിച്ച് പറഞ്ഞുതന്നു. അദ്ദേഹം മറ്റുള്ളവരേയും ഈ ഉദ്ദേശ്യം അംഗീകരിപ്പിക്കുന്നതിൽ വിജയിക്കും എന്ന് ഞാൻ പ്രതീക്ഷിക്കുന്നു. തീർച്ചയായും അദ്ദേഹം എന്നെക്കൊണ്ട് സമ്മതിപ്പിച്ചിരിക്കുന്നു. മസ്ജിദിന്റെ ഉദ്ദേശ്യം എന്ന വിഷയം വളരെ അത്യാവശ്യമായിരുന്നു. അദ്ദേഹത്തിന്റെ ഓരോ വാക്കും അർഥഗർഭവും ഗഹനവുമായിരുന്നു.' വീണ്ടും പറഞ്ഞു: 'അദ്ദേഹം പരസ്പരം ഭയപ്പെടാതെ മനസ്സിലാക്കുകയാണ് വേണ്ടതെന്ന സന്ദേശം നല്കി. പരസ്പരമുള്ള ചിന്താഗതികൾ പ്രചരിപ്പിക്കേണ്ടതാണ്.' അവർ പറഞ്ഞു: 'വാസ്തവത്തിൽ നിങ്ങളുടെ ഖലീഫയുടെ പ്രസംഗം എന്നെ പിടിച്ച് കുലുക്കിക്കളഞ്ഞു. ഞാൻ വളരെ വികാരഭരിതയായിരിക്കുന്നു. സമാധാനത്തെകുറിച്ച് മാത്രം സംസാരിക്കുന്ന ഒരു മുസൽമാൻ നേതാവിനെ ഇന്ന് ഞാൻ കേട്ടു. ഇസ്ലാം മനുഷ്യർക്ക് സേവനം ചെയ്യുന്ന മതമാണെന്ന് അദ്ദേഹം എന്നോടു പറഞ്ഞു. മനുഷ്യർ തങ്ങളുടെ സ്രഷ്ടാവിനെ തിരിച്ചറിയുകയും ദൈവത്തിൽ ദൃഢമായും വിശ്വസിക്കുകയും ചെയ്യേണ്ടതാണെന്നതാ

യിരുന്നു അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ഏറ്റവും നല്ല ഭാഗം. എന്റെ വീക്ഷണവും ഇതുതന്നെയാണ്.'

മാൽമോ നഗരത്തിന്റെ മേയർ എന്റേഴ്സൺ സാഹിബ് തന്റെ പ്രസംഗത്തിൽ പറഞ്ഞു, 'അദ്ദേഹം സമാധാന സംസ്ഥാപനത്തിന്റെ ഉറപ്പ് ഞങ്ങൾക്കു നല്കി. എന്നല്ല ഈ നഗരത്തിലും പ്രദേശത്തും നിർമിക്കപ്പെട്ട മസ്ജിദിന്റെ ഉദ്ദേശ്യങ്ങളും വിവരിച്ചു. ഈ മസ്ജിദിനെ ഞങ്ങൾ ഈ നഗരത്തിൽ സമാധാന സ്ഥാപനത്തിനും സംയോജനത്തിനുമുള്ള മാർഗമായി മനസ്സിലാക്കുന്നു.'

ഒരു പത്രപ്രവർത്തകൻ പറഞ്ഞു: 'ഈ മസ്ജിദിന്റെ നിർമാണച്ചെലവ് ജമാഅത്തിലെ ആളുകൾ തങ്ങളുടെ പോക്കറ്റിൽനിന്ന് നല്കിയതാണെന്നത് വലിയ അത്ഭുതമാണ്. ഇക്കാര്യം എനിക്ക് അങ്ങേയറ്റം അത്ഭുതത്തിന് കാരണമാണ്. കാരണം ഇതൊരു നിസാര തുകയല്ല. മറിച്ച് 30 മില്യൺ ക്രോണയുടെ കാര്യമാണ്.' പിന്നീട് പറഞ്ഞു: 'നിങ്ങൾ എല്ലാ ജോലിയും സ്വയമാണ് ചെയ്തത്. ഇത് വളരെ വലിയ വിജയമാണ്. ഞാൻ വളരെ സ്വാധീനിക്കപ്പെട്ടിരിക്കുന്നു.' അദ്ദേഹം പറഞ്ഞു: 'ഭീകരാക്രമണത്തിന്റേയും അക്രമത്തിന്റേയും ദ്രോഹത്തിന്റേയും സംഭവങ്ങളാണ് കാണുന്നത്. എന്നാൽ, നിങ്ങൾ അതിൽ നിന്ന് വ്യത്യസ്തരാണ്.' അദ്ദേഹം തന്റെ ഒരു സംഭവം കേൾപിച്ചു: 'കുറച്ച് കാലം മുമ്പേ ഞാൻ ഒരു സൂപ്പർ മാർക്കറ്റിലേക്ക് പോവുകയായിരുന്നു. ഞാൻ മുസ്ലിമാണോ എന്ന് അവിടെ ഒരാൾ എന്നോട് ചോദിച്ചു. അപ്പോൾ ഞാൻ മുസ്ലിമല്ല ക്രിസ്ത്യാനിയാണെന്ന് അയാളോടു പറഞ്ഞു. അപ്പോൾ ക്രിസ്ത്യാനിയാണെങ്കിൽ നരകത്തിൽ പോകുമെന്ന് അയാൾ എന്നോട് പറഞ്ഞു.' പറയുന്നു: 'ഇതാണ് മുസ്ലിംകളുടെ ചിന്താഗതി. എന്നാൽ, നിങ്ങളുടെ ചിന്താഗതി തികച്ചും വ്യത്യസ്തമാണ്. അയാൾ പറഞ്ഞത് നിങ്ങൾ അഹ്മദികളിൽ കാണാൻ കഴിഞ്ഞില്ല.'

മാൽമോ യൂണിവേഴ്സിറ്റിയിൽ പഠിപ്പിക്കുന്ന ഒരു അതിഥി പറഞ്ഞു, 'ഖലീഫയുടെ പ്രസംഗം ആഴത്തിൽ സ്വാധീനിക്കുന്നതായിരുന്നു. സമാധാനം മൈത്രി സ്നേഹം സഹിഷ്ണുത എന്നിവയുടെ അങ്ങേയറ്റം പോസിറ്റീവായിട്ടുള്ളതും ആഗോളപരമായിട്ടുള്ളതുമായ സന്ദേശമാണ് നമുക്ക് നല്കിയത്.'

ഇപ്രകാരംതന്നെ Lund University Malmoയിൽനിന്നുള്ള ഇസ്ലാമിയാത്തിന്റെ പ്രൊഫസറും വന്നിട്ടുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു, 'ഖലീഫയുടെ പ്രസംഗം അങ്ങേയറ്റം ഹൃദയസ്പൃക്കും സ്വാധീനമുൾക്കൊള്ളുന്നതുമായിരുന്നു.' പ്രസംഗം അവസാനിച്ചതിനുശേഷം ആളുകൾ പ്രസംഗത്തെ കുറിച്ച് പരസ്പരം സംസാരിച്ച് കൊണ്ടിരുന്നത് ഞാൻ കണ്ടു. എല്ലാവരും ഇതുമൂലം ആകർഷിക്കപ്പെട്ടതായാണ് കാണാൻ സാധിച്ചത്. ഈ പ്രസംഗത്തിന്റെ കോപ്പി ലഭ്യമാക്കണമെന്നുകൂടി ചിലർ ആവശ്യപ്പെട്ടു. പറഞ്ഞു:'ഇവിടെ എല്ലാവരും ഒരുമിച്ചു കൂടിയിരിക്കുന്നത് ഞാൻകണ്ടു. സുന്നികളുടെ ആദ്യത്തെ മസ്ജിദ് നിർമിച്ച വ്യക്തിയും ഈ പരിപാടിയിൽ വന്നിട്ടുണ്ടായിരുന്നു. യഹൂദികളും ഈ പരിപാടിയിൽ ഉണ്ടായിരുന്നു. ക്രിസ്ത്യാനികളും ഉണ്ടായിരുന്നു. മറ്റു മതക്കാരും ഉണ്ടായിരുന്നു.'

ഇൻഫർമേഷനുവേണ്ടിയുള്ള സ്വീഡിഷ് സ്ഥാപനമായ 'ചർച്ച് ഓഫ് സെന്റോലോജി'യുടെ ചീഫും പങ്കെടുത്തിരുന്നു. അദ്ദേഹം പറഞ്ഞു: 'ഒരു വലിയ ഗുണത്തിനു വേണ്ടി നമുക്ക് നമ്മുടെ വ്യക്തിഗതമായ നേട്ടങ്ങളെ ഒരു ഭാഗത്തേക്ക് മാറ്റി വെക്കേണ്ടതാണെന്ന് ഖലീഫ തന്റെ പ്രസംഗത്തിൽ പറഞ്ഞ ഒരു വാക്യം എനിക്ക് വളരെയേറെ ഇഷ്ടപ്പെട്ടു.'

ഒരു സ്നേഹിതനായ മൈക്കിൾ-ഇദ്ദേഹത്തിന്റെ മാതാപിതാക്കൾ പോളിഷ്കാരാണ്. സ്വീഡനിലാണ് താമസിക്കുന്നത്-പറഞ്ഞു, 'പ്രസംഗം എല്ലാവിധത്തിലും പൂർണമായിരുന്നു. അതിൽ സമാധാനത്തെ കുറിച്ചും പരസ്പരം സഹായിക്കേണ്ടതിനെക്കുറിച്ചുമുള്ള സന്ദേശമായിരുന്നു.' പറഞ്ഞു, 'ആഫ്രിക്കയെ കുറിച്ചും ഇദ്ദേഹം പരാമർശിച്ചു. സ്കൂളുകളും, മറ്റു സൗകര്യങ്ങളും ആഫ്രിക്കയിൽ ഒരുക്കിക്കൊണ്ടിരിക്കുന്നു.' പറഞ്ഞു: 'ഞാൻ ദൈവത്തിൽ ദൃഢമായും വിശ്വസിക്കുന്നു. എന്നാൽ, ഇവിടെ ഭൂരിഭാഗമാളുകളും, പൊതുവെ മറ്റുള്ളവർ വിശ്വസിക്കുന്നവരല്ല. അതുകൊണ്ട് ദൈവത്തിലും ഒരു സ്രഷ്ടാവിലും ദൃഢമായി വിശ്വസിക്കുന്ന ഒരു വ്യക്തി സ്വീഡനിൽ വന്നതിൽ ഞാൻ അഭിമാനിക്കുന്നു. പ്രസംഗം കേട്ടതിന് ശേഷം ഞാൻ ഇസ്ലാമിനെ ഭയപ്പെടുന്നില്ല. എന്നാൽ, തീവ്രവാദികളെ ഭയക്കുന്നു. ഇത് രണ്ടും വ്യത്യസ്തമാണെന്ന കാര്യം എനിക്ക് വ്യക്തമായിരിക്കുന്നു.'

യൂഗോസ്ലാവിയായിൽനിന്നു വന്ന മറ്റൊരു മുസ്ലിം അതിഥി ഹുസയ്ൻ അബ്ദുല്ലാഹ് സഹിബ്, പറഞ്ഞു: 'ഖലീഫയുടെ വാക്കുകൾ എന്നെ സ്പർശിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ എല്ലാ കാര്യങ്ങളുമായും ഞാൻ യോജിക്കുന്നു. അദ്ദേഹം മറ്റു മുസ്ലിംകൾക്ക് ചെയ്യാൻപറ്റാത്ത രീതിയിലാണ് ഇസ്ലാമിനെ പ്രതിരോധിച്ചത്. സഹിഷ്ണുതയിലും മറ്റുള്ളവരെ സഹായിക്കുന്നതിലും അദ്ദേഹം ശക്തി ചെലുത്തി.' പറഞ്ഞു: 'ആവശ്യക്കാരെ സഹായിക്കുക എന്നത് ഇസ്ലാമികാധ്യാപനമാണ്. ഇപ്പോൾ ഞാൻ അഹ്മദിയ്യാ ജമാഅത്തിനെക്കൊണ്ട് അഭിമാനിക്കുന്നു. ജനങ്ങൾക്ക് ഇസ്ലാമിനെ കുറിച്ച് തെറ്റായ വീക്ഷണഗതികളാണുള്ളത്. ഇത് ശരിയാക്കുകയെന്നത് എളുപ്പമുള്ള ജോലിയല്ല. എന്നാൽ, ഖലീഫ ഈ ജോലിയിൽ എല്ലാവരെക്കാളും മുന്നിലാണ്.'

ഒരു സ്വീഡൻകാരനായ അതിഥി തന്റെ ചിന്താഗതികൾ ഇങ്ങനെ പ്രകടിപ്പിച്ചു: 'ഈ സായംസന്ധ്യ എന്നെ വല്ലാതെ സ്വാധീനിച്ചിരിക്കുന്നു. ഇസ്ലാം എന്താണെന്ന് ഞാൻ പഠിച്ചു. ഖലീഫ കുറച്ചു മിനിറ്റുകളിൽ ധാരാളം വിഷയങ്ങളിലാണ് സംസാരിച്ചത്. ഞാൻ ഒരിക്കലും കേട്ടിട്ടില്ലാത്ത നിലയിലാണ് ഇസ്ലാമിനെതിരിലുള്ള ആക്ഷേപങ്ങളെ പ്രതിരോധിച്ചത്.'പറഞ്ഞു: 'അദ്ദേഹം ചില മുസ്ലിംകൾ മോശക്കാരാണെന്ന കാര്യവും അംഗീകരിച്ചു. എന്നാൽ, ഖലീഫ വിശുദ്ധ ഖുർആനെ ഉദ്ധരിച്ചുകൊണ്ട് അത്തരമാളുകൾ വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങൾക്ക് വിരുദ്ധമാണ് പോകുന്നതെന്ന് സ്ഥാപിച്ചു.'

ഇതുദ്ധരിച്ചുകൊണ്ട് ഒരു രാഷ്ട്രീയനേതാവ് പ്രസംഗത്തിൽ പറഞ്ഞു: 'ഒരു യഥാർഥ മുസ്ലിമിൽ നിന്ന് നിങ്ങൾക്ക് സമാധാനം അനുഭവപ്പെടണം. ഞാൻ ഈ പരിപാടിയിൽ ഉള്ളപ്പോൾ യഥാർഥത്തിൽ സമാധാനം അനുഭവിക്കുകയായിരുന്നു.'

ഒരു ക്രൈസ്തവ പാതിരി പറഞ്ഞു: 'ഞാൻ നിങ്ങളുടെ ഖലീഫയുടെ പ്രസംഗത്തിലെ എല്ലാ വാക്കുകളോടും യോജിക്കുന്നു. പ്രത്യേകിച്ചും നമുക്ക് ദൈവത്തെ ഓർക്കണമെന്നും ഇത് മതത്തിന്റെ അടിത്തറയാണെന്നും പറഞ്ഞത് എനിക്ക് വളരെ ഇഷ്ടപ്പെട്ടു. തുടക്കത്തിൽ അദ്ദേഹം പാരായണം ചെയ്ത ഖുർആനിക വചനങ്ങൾ വളരെ ആത്മീയവും പിടിച്ചുകുലുക്കുന്നതുമായി അനുഭവപ്പെട്ടു.'

ഒരു അതിഥി പറഞ്ഞു: 'ഇന്ന് ഞാൻ മറ്റൊരു ലോകത്താണെന്ന് എനിക്ക് തോന്നി. കേന്ദ്ര വിഷയവും 'പരസ്പരം ബഹുമാനിക്കുക' എന്നതായിരുന്നു; പ്രത്യേകിച്ചും ഏറ്റവും ബലഹീനരും ആവശ്യക്കാരുമായവരെ.' പിന്നീട് പറഞ്ഞു: 'ഖലീഫ വിശുദ്ധ ഖുർആനിലൂടെ മതം ഹൃദയത്തിന്റെ കാര്യമാണെന്ന് സ്ഥാപിച്ചു. അദ്ദേഹം എന്നെ തീർച്ചയായും സമാധാനിപ്പിച്ചു. ഇവിടെ ഉണ്ടായിരുന്ന മറ്റുള്ളവരും ഇതുപോലെ പ്രയോജനം എടുത്തിട്ടുണ്ടായിരിക്കും എന്ന് ഞാൻ പ്രതീക്ഷിക്കുന്നു.'

ഒരു അതിഥി പറഞ്ഞു: 'ഇന്നത്തെ പ്രഭാഷണത്തിൽ ഒരുപാട് വിഷയങ്ങളെ കുറിച്ച് സംസാരിച്ചു. ജനങ്ങൾ പറയുന്നത് ഇസ്ലാം തീവ്രവാദത്തിന്റെ മതമാണെന്നാണ്. എന്നാൽ, നിങ്ങളുടെ ഖലീഫയുടെ സന്ദേശം ഇതിൽനിന്ന് തികച്ചും വ്യത്യസ്തമാണ്.

ഒരു സ്വീഡിഷ് അതിഥി പറഞ്ഞു: 'ഇസ്ലാമിനെ കുറിച്ച് ഒരുപാട് കാര്യങ്ങൾ പഠിച്ചു. മാധ്യമങ്ങൾ നമുക്ക് എപ്പോഴും ഇസ്ലാമിനെ കുറിച്ച് പറഞ്ഞ് തരുന്നതുപോലെ ഇത് ഒരു തീവ്രവാദ മതമാണെന്നതിന് തികച്ചും വിരുദ്ധമായ കാര്യം ഇന്ന് നമുക്ക് കേൾക്കാൻ സാധിച്ചുവെന്നത് വളരെ നല്ല കാര്യമാണ്. ഖലീഫ നമ്മെ സമാധാനിപ്പിച്ചു, നമ്മുടെ ഭയത്തെ ഇല്ലാതാക്കി. നബി(സ)തിരുമേനി സമാധാനത്തിന്റെ വക്താവായിരുന്നുവെന്ന് സ്ഥാപിച്ചു കാണിച്ചു.'

മറ്റൊരു അതിഥി പറഞ്ഞു: 'ഇവിടെ വരുന്നതിനുമുമ്പേ ഞാൻ ഇസ്ലാമിനെകുറിച്ച് ഭയപ്പെട്ടിരുന്നു. എന്നാൽ, ഇന്ന് എനിക്ക് കാണാൻ കഴിഞ്ഞതും ഞാൻ കണ്ടതും തികച്ചും വ്യത്യസ്തമായിരുന്നു. ഖലീഫയുടെ സന്ദേശം ദയയുടേയും സഹാനുഭൂതിയുടേയും സമാധാനത്തിന്റേയുമായിരുന്നു. നിങ്ങൾ ആരുടേയും മതം നോക്കാതെ, എല്ലാവരേയും സ്നേഹിക്കണമെന്ന അദ്ദേഹത്തിന്റെ അധ്യാപനം എന്റെ ഹൃദയത്തെ സ്പർശിച്ചിരിക്കുന്നു. ഇസ്ലാം അയൽവാസികളുടെ അവകാശത്തെ കുറിച്ചും പാഠം നല്കുന്നുണ്ടെന്ന കാര്യം കേട്ട് സന്തോഷം തോന്നി.'

ഇതുപോലെ അതിഥികളുടെ ധാരാളം പ്രതികരണങ്ങളുണ്ട്. ബുദ്ധിസ്റ്റുകളുമുണ്ട്. ക്രിസ്ത്യാനികളുമുണ്ട്. എല്ലാവരും ഇസ്ലാമിന്റെ അധ്യാപനം നല്ലതാണെന്നും നബി(സ)തിരുമേനിയുടെ ജീവിതമാതൃക തീർച്ചയായും ഭീകരപ്രവർത്തനങ്ങൾക്ക് വിരുദ്ധമാണെന്നുമുള്ള കാര്യം പ്രകടിപ്പിച്ചു.

ഒരു പാർലമെന്റംഗം പറഞ്ഞു, 'ഖലീഫ എല്ലായിടത്തും എല്ലാ പ്ലാറ്റ്ഫോമിലും ഇസ്ലാമിനെ പ്രതിനിധാനം ചെയ്യേണ്ടതാണ്. ജനങ്ങൾ അദ്ദേഹത്തിന്റെ വാക്കുകൾ കേൾക്കേണ്ടതാണ്. ആർക്കെങ്കിലും ഇസ്ലാമിനെക്കുറിച്ച് എന്തെങ്കിലും ഭയം ഉണ്ടായിരുന്നെങ്കിൽ അത് ഇന്ന് അകന്നിട്ടുണ്ടാകും.'

പിന്നീട് മറ്റൊരു അതിഥി പറഞ്ഞു: 'ഈ പ്രസംഗം ഓസ്ട്രിയാക്കാർക്ക് നല്കേണ്ടതാണ്. കാരണം ആ രാജ്യങ്ങളിലെ ആളുകൾ ഇസ്ലാമിനെ കുറിച്ചുള്ള ഭയത്തിലും ഇസ്ലാമിനോടുള്ള വെറുപ്പിലും ഭ്രാന്തരായി മാറിയിരിക്കുന്നു. ഇസ്ലാം ഒരു സമാധാനത്തിന്റെ മതമാണെന്ന് പഠിക്കുന്നതിനുവേണ്ടി അവർ ഈ പ്രസംഗം കേൾക്കേണ്ടത് വളരെ ആവശ്യമാണ്. കാരണം ഖലീഫ വളരെ മനോഹരമായി മസ്ജിദിന്റെ ഉദ്ദേശ്യത്തെ കുറിച്ച് മനസ്സിലാക്കി തന്നു. മസ്ജിദിന്റെ ഉദ്ദേശ്യം സമാധാനമാണ്. സ്വലാത്ത് എന്ന പദത്തിന്റെ അർഥവും സമാധാനം, രക്ഷ എന്നാണ്.'

'നിങ്ങളുടെ ഖലീഫ അഹ്മദിയ്യാ ജമാഅത്തിന് രാഷ്ട്രീയവുമായി ഒരു ബന്ധവുമില്ലെന്ന് പറഞ്ഞതും എനിക്ക് ഏറെ ഹൃദ്യമായി. കേവലം സമാധാനം സ്ഥാപിക്കുന്നതിനെകുറിച്ചുള്ള ചിന്ത മാത്രമാണുള്ളത്. ഇക്കാര്യം എന്നെ വളരെ അധികം സ്വാധീനിച്ചു. അഹ്മദികൾ മനുഷ്യരുടെ പ്രയാസങ്ങൾ അകറ്റാൻ ആഗ്രഹിക്കുന്നുവെന്നും അവരെ സഹായിക്കാൻ ആഗ്രഹിക്കുന്നുവെന്നും ഖലീഫ പറഞ്ഞു. അതുപോലെ തന്നെ മുഹമ്മദ് നബി (സ)യുടെ കാലഘട്ടത്തിൽ 'ളിറാർ' എന്ന ഒരു മസ്ജിദ് തകർത്തിരുന്നുവെന്നും അതിൽ നിന്ന് മസ്ജിദുകൾ കേവലം സമാധാനത്തിന്റെ സ്ഥലമാണെന്നാണ് സ്ഥാപിതമാകുന്നതെന്നു പറഞ്ഞതും കൗതുകമായി തോന്നി.'

സ്വീഡന്റെ തലസ്ഥനമായ സ്റ്റോക്ക്ഹോമിലും ഒരു സൽക്കാരം സംഘടിപ്പിച്ചിരുന്നു. അവിടെയും 6 പാർലമെന്റംഗങ്ങൾ പങ്കെടുത്തു. വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട മറ്റു ഭരണാധികാരികളും സന്നിഹിതരായിരുന്നു. അവിടെയും ആളുകൾ വളരെ നല്ല അഭിപ്രായങ്ങളാണ് പ്രകടിപ്പിച്ചത്.

ഒരു അതിഥി പറഞ്ഞു: 'ഇന്ന് ഒരുപാട് കാര്യങ്ങൾ പഠിക്കാൻ അവസരം ലഭിച്ചു. ഇത് വളരെ അധികം സ്വാധീനം ചെലുത്തുന്നതായിരുന്നു. ഇതിനെക്കാളുപരിയായി ഇതിൽ നിന്ന് പ്രതീക്ഷകൾ ലഭിക്കുന്നു. ഞാൻ വളരെ അധികം നന്ദി രേഖപ്പെടുത്തുകയാണ്. ഖലീഫ ഇവിടെ വന്നു. ഖലീഫയുടെ സന്ദേശം നമ്മൾ ഏതെങ്കിലും ഒരു കലഹം കണ്ടുകൊണ്ട് കണ്ണടക്കാൻ പാടില്ല എന്ന ചിന്തയുണ്ടാക്കി. അത് സ്വയം അവസാനിച്ചുകൊള്ളുമെന്ന് വിചാരിക്കരുത്. വളരെ ശക്തമായ സന്ദേശം ആയിരുന്നു ഇത്. ഞാൻ അതിന് വളരെ അധികം നന്ദി രേഖപ്പെടുത്തുന്നു.'

മറ്റൊരു അതിഥി പറഞ്ഞു: 'ഇന്ന് ലോകത്ത് മനുഷ്യനെ മനുഷ്യനിൽ നിന്ന് അകറ്റുന്ന ശക്തികളാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ, എല്ലാവരേയും ഒരു സ്ഥലത്ത് ഒരുമിച്ച് കൂട്ടുന്നതിൽ നിങ്ങൾ വിജയിച്ചിരിക്കുന്നു. കാരണം നാം പരസ്പരം കണ്ട് മുട്ടുമ്പോഴാണ് നമ്മുടെ കണ്ണുകൾ തുറക്കുന്നത്, നമുക്ക് കൂടുതലായി പഠിക്കാൻ അവസരം ലഭിക്കുന്നത്.'

ഇറാഖിൽ നിന്ന് വന്ന ഒരു ക്രിസ്തീയ അഭയാർഥി സലാം സാഹിബ് പറഞ്ഞു: 'ഞാൻ ഇറാഖിൽ ഒരിക്കലും ഇത്തരം കാര്യങ്ങൾ കേട്ടിട്ടില്ല. നിങ്ങളുടെ ഖലീഫ പറയുന്നത് പോലുള്ള ഇസ്ലാമിന്റെ രൂപം അവിടെ ആളുകൾ അവതരിപ്പിക്കുന്നില്ല. അഹോ കഷ്ടം! ഇറാഖികൾ ഖലീഫയുടെ വാക്കുകൾ കേട്ടിരുന്നെങ്കിൽ ഞങ്ങൾക്ക് ഇതുപോലെ പലായനം ചെയ്യേണ്ടി വരുമായിരുന്നില്ല. ഇവിടെ സ്വീഡിഷ്കാരുടെ മുന്നിൽ ഭിക്ഷക്കാരെ പോലെ വരേണ്ട ആവശ്യവുമുണ്ടായിരുന്നില്ല. ഇവിടെ സ്വീഡിഷ് ആളുകൾ വിചാരിക്കുന്നത് ഞാൻ എന്തോ അവകാശം നേടാനായി വന്നിരിക്കുന്നുവെന്നാണ്. ഈ ചിന്ത എന്നെ സംബന്ധിച്ചിടത്തോളം വളരെ അധികം മോശമാണ്. നിങ്ങളുടെ ഖലീഫയെ പോലെ ഒരാൾ പോലും ഇറാഖിൽ ഇല്ല. ഖലീഫ വളരെ വ്യക്തമായി സംസാരിക്കുകയും ലോകത്ത് എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്ന് പറയുകയും ചെയ്യുന്നു. നിങ്ങളുടെ ജമാഅത്ത് എല്ലാ വിഭാഗം മുസ്ലിംകളെക്കാളും ഉത്തമമാണ്.'

മറ്റൊരു അതിഥി പറഞ്ഞു: 'ഖലീഫ നല്കിയ ഈ സന്ദേശം തന്നെയാണ് യഥാർഥ സന്ദേശം. ഇതുതന്നെയാണ് എല്ലാ മതങ്ങളും അതിന്റെ ആരംഭത്തിൽ നല്കിയിരുന്നത്. എല്ലാ മതങ്ങളുടേയും അടിസ്ഥാനപരമായ അധ്യാപനങ്ങൾ ഇതുതന്നെയാണ്. ഖലീഫ ഐക്യത്തിലേക്കാണ് വിളിക്കുന്നത്. അദ്ദേഹത്തിന്റെ വാക്കുകൾ കേട്ട്, ലോകത്ത് പ്രശ്നങ്ങളുണ്ടാകുന്നത് മതംകൊണ്ടല്ലെന്ന് എനിക്ക് ദൃഢവിശ്വാസം വന്നിരിക്കുന്നു. അഥവാ മുസ്ലിംകളുമായി ഞങ്ങൾക്ക് അഭിപ്രായ വ്യത്യാസമുണ്ടെങ്കിൽ അത് മതപരമായതല്ല. മറിച്ച് കൾച്ചറിന്റേതാണ്.'

ഡെന്മാർക്കിൽ ഇലക്ട്രോണിക് പ്രിന്റ് മീഡിയയിലുണ്ടായ കവറേജ്, അവിടത്തെ ഒരു നാഷണൽ പത്രമായ 'ക്രിസ്ത്യൻ ബിലാദത്ത്' ഹോട്ടലിൽ നടന്ന പരിപാടിയുടെ വാർത്ത നല്കി. അതിന്റെ വായനക്കാർ അൻപതിനായിരമാണ്. അതുപോലെ ഒരു റേഡിയോ നിലയമായ Radio 24 ന്റെ ജേർണലിസ്റ്റ് ഇന്റർവ്യൂ നടത്താനായി മിഷനിൽ വന്നു. ഏകദേശം 45 മിനിറ്റ് ഇന്റർവ്യൂ നടന്നു. പിന്നീട് ഡാനിഷ് തർജമയോടു കൂടി അതേപടി അത് പ്രക്ഷേപണം ചെയ്തു. ഈ റേഡിയോയുടെ ശ്രോതാക്കളുടെ എണ്ണം 25000 മുതൽ 40000 വരെയാണ്. PR TV തങ്ങളുടെ വാർത്തയിൽ കവറേജ് നല്കി. അതിന്റെ പ്രേക്ഷകരുടെ എണ്ണം 2 മില്യനാണ്. മറ്റു മീഡിയകൾ മുഖേന മൊത്തം ഏകദേശം മൂന്ന് മില്യൺ ജനങ്ങളിലേക്ക് ഇസ്ലാമിന്റെ ഈ സന്ദേശം എത്തിക്കൊണ്ടിരുന്നു. സ്വീഡനിൽ വിവിധ പത്രങ്ങളുമായും ടി.വി. ചാനലുകളുമായും ഇന്റർവ്യൂവും നടന്നു. നാ

ഷണൽ ടി.വി. വാർത്തയും നല്കി. അങ്ങനെ മൊത്തം ഏകദേശം 8 മില്യൺ ജനങ്ങളിലേക്ക് സ്വീഡനിലും സന്ദേശമെത്തി.

എപ്രകാരമാണോ ജമാഅത്തിന്റെ സന്ദേശമെത്തുന്നത്, എപ്രകാരമാണോ ജനങ്ങൾ പ്രതികരിക്കുന്നത് അത് ഞാൻ വിവരിച്ചു. പൊതുവായ നിലയിൽ ഇസ്‌ലാമിന്റെ അധ്യാപനം കേട്ട് അവർക്ക് യാഥാർഥ്യവും മനസ്സിലാകുകയുണ്ടായി. ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം അല്ലാഹുവിനോടുള്ള കടമ നിർവഹിക്കലാണ്. അതോടൊപ്പം തന്നെ സമാധാനത്തിന്റേയും സുരക്ഷിതത്ത്വത്തിന്റേയും സന്ദേശമാണ്. സൃഷ്ടികളോടുള്ള കടമകൾ നിർവഹിക്കലാണ്. അഹ്മദിയ്യാ ജമാഅത്ത് ഖിലാഫത്തുമായി ബന്ധപ്പെട്ട് നിലകൊള്ളുന്നതുകൊണ്ടാണ് ഈ കടമകൾ നിറവേറ്റപ്പെടുന്നതെന്ന് ജനങ്ങൾക്ക് മനസ്സിലായി. ഈ അടിസ്ഥാന കാര്യം എല്ലാ അഹ്മദികളും മനസ്സിലാക്കേണ്ടതാണ്. ഖിലാഫത്തുമായി ബന്ധപ്പെട്ട് മാത്രമേ ഈ കടമകൾ ശരിയായ നിലയിൽ നിറവേറ്റാൻ സാധിക്കുകയുള്ളൂ.

യഥാർഥ ഖിലാഫത്ത് സ്വന്തമാളുകളുടെ ഭയത്തെ മാത്രമല്ല സമാധാനത്തിലേക്ക് മാറ്റുന്നത്. മറിച്ച് അന്യരുടെ ഭയത്തേയും സമാധാനത്തിലേക്ക് മാറ്റുന്നതാണ്. ഇതു തന്നെയാണ് തങ്ങൾ പ്രകടിപ്പിച്ച അഭിപ്രായങ്ങളിൽ അവർ അധികവും പറഞ്ഞത്. അതിന്റെ ചുരുക്കമാണ് ഞാൻ കേൾപ്പിച്ചത്. അവരുടെ ഭയത്തിന്റെ അവസ്ഥ നമ്മുടെ ഫംങ്ഷനിൽ പങ്കെടുത്ത് സമാധാനത്തിലേക്ക് മാറ്റപ്പെട്ടു. കാരണം ഇത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. അതുകൊണ്ടുതന്നെ അല്ലാഹുവിന്റെ സഹായവും കൂടെയുണ്ട്. ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനങ്ങൾ മറ്റുള്ളവരിൽ സ്വാധീനം ചെലുത്തുന്നു. ചിലർ വിശുദ്ധ ഖുർആൻ പാരായണം ചെയ്യുമെന്ന് പ്രകടിപ്പിച്ചതും അതുകൊണ്ടാണ്. ഒന്നു രണ്ടെണ്ണത്തിന്റെ ഉദാഹരണം ഞാൻ കേൾപിച്ചു.

ഹദ്റത്ത് മസീഹ് മൗഊദ് (അ)ൽ നിന്ന് വിട്ടുകൊണ്ട് ഇന്നാരെങ്കിലും ഖിലാഫത്ത് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നെങ്കിൽ അല്ലെങ്കിൽ ഉദ്ദേശിക്കുകയാണെങ്കിൽ അവൻ പരാജയപ്പെടും. അവന് സമാധാനം സ്ഥാപിക്കാൻ സാധിക്കുകയില്ല. നമുക്ക് കാണാൻ സാധിക്കുന്നു, ഒന്നാം ഖിലാഫത്തിന്റെ കാലത്ത് അല്ലെങ്കിൽ ആരംഭകാലത്ത് ഖിലാഫത്തെ റാശിദയുടെ കാലഘട്ടത്തിൽ യഥാർഥ ഖിലാഫത്ത് നിലനിന്നിരുന്ന ഹദ്റത്ത് ഉമറിന്റെ കാലത്ത് എന്താണ് ഉണ്ടായത്? ഇറാഖിലും സിറിയയിലും എങ്ങനെയാണ് സമാധാനം സ്ഥാപിച്ചിരുന്നതെന്നാൽ, ഇറാഖിനേയും സിറിയയേയും റോമൻ ഭരണകൂടം വീണ്ടും പിടിച്ചടക്കാൻ ശ്രമിച്ചപ്പോൾ മുസ്‌ലിംകൾ വീണ്ടും വരണമെന്നാഗ്രഹിച്ച് അവിടെയുള്ള ക്രിസ്ത്യാനികൾ നിലവിളിച്ചിരുന്നു. അങ്ങനെ മുസ്‌ലിംകൾ വീണ്ടും മടങ്ങി വന്നപ്പോൾ അവർ സന്തോഷം ആഘോഷിച്ചു.

എന്നാൽ, ഇപ്പോൾ നടന്ന് കൊണ്ടിരിക്കുന്നതെന്താണ്? ഇറാഖിലും സിറിയയിലും ഖിലാഫത്തിന്റെ പേരിൽ ആരംഭിച്ച പദ്ധതി-ഒന്നാമതായി അതിൽ ഒരു ശക്തിയുമുണ്ടായിരുന്നില്ല, ഒരു യാഥാർഥ്യവും ഉണ്ടായിരുന്നില്ല- ആരംഭത്തിൽ ഉണ്ടായിരുന്ന ശക്തിപോലും അവസാനിച്ചു. ഒരു ശക്തിയുമില്ലാതായി. ഖിലാഫത്തിന്റെ പേരിൽ ആരംഭിച്ച പ്രവൃത്തി, ഒന്ന് രണ്ട് വർഷത്തിൽ എന്നല്ല അതിലും കുറഞ്ഞ കാലം കൊണ്ട് കേവലം ഒരു സംഘടനയുടെ പേര് മാത്രമായി അവശേഷിച്ചു. അത് സ്വന്തക്കാർക്കും സമാധാനം നല്കിയില്ല അന്യർക്കും സമാധാനം നല്കിയില്ല. ഇവിടെ നിന്ന് ഒരുപാട് പേർ ഇസ്‌ലാമിന്റേയും, ഖിലാഫത്തിന്റേയും പേരിൽ അവിടെ പോയത് ഒരു ആവേശത്തോടുകൂടിയായിരുന്നു. യൂറോപ്പിൽ നിന്നും പൊയ്ക്കൊണ്ടിരുന്നു. എന്നാൽ, അനിസ്‌ലാമിക പ്രവർത്തനങ്ങൾ കണ്ട് നിരാശരായി, അവരിൽ ഒരുപാടാളുകൾ തിരിച്ച് വരാൻ ആഗ്രഹിക്കുകയാണ്. എന്നാൽ, തിരിച്ച് വരാൻ സാധ്യമല്ല. ഇതും മാധ്യമങ്ങളിൽ വന്ന് കൊണ്ടിരിക്കുന്നു. ഭയത്തിന്റെ അവസ്ഥയിൽ അവർ ജീവിക്കുകയാണ്. അവർക്കുള്ള എല്ലാ വഴികളും അടഞ്ഞു. ഭീകരവാദത്തിന്റെ അവസ്ഥ ഇതാണ്. കഴിഞ്ഞ ദിവസം വന്ന ഒരു വാർത്ത ഇതായിരുന്നു: ഒരു സ്ത്രീയുടെ പാലു കുടിക്കുന്ന കുട്ടി, വിശപ്പ് കാരണം പിടഞ്ഞുകരയുകയായിരുന്നു. അവളുടെ വീട് വളരെ ദൂരത്തായിരുന്നു. ആ സ്ത്രീ ഒരു ഒറ്റപ്പെട്ട സ്ഥലത്ത് പോയി, ഒരു മരത്തിന്റെ ചുവട്ടിൽ തന്നെ പൂർണമായും പൊതിഞ്ഞ് കുട്ടിക്ക് പാലുകൊടുക്കാൻ തുടങ്ങി. ആ സമയത്ത് ഇസ്‌ലാമിന്റെ ഈ നാമധാരികളായ കരാറുകാർ, ഇസ്‌ലാമിന്റെ സംരക്ഷകർ വന്നു. ഈ നാമധാരികളായ ഖിലാഫത്തിന്റെ യോദ്ധാക്കൾ ആ സ്ത്രീയുടെ കൈയിൽ നിന്ന് ആ കുഞ്ഞിനെ പിടിച്ചു വാങ്ങി, നീ പൊതു സ്ഥലത്തിരുന്നാണോ പാല് കൊടുക്കുന്നത്-വാസ്തവത്തിൽ അത് തികച്ചും ഒരു ഒറ്റപ്പെട്ട സ്ഥലമായിരുന്നു- എന്നു പറഞ്ഞ് കുട്ടിയെ പിടിച്ചുവാങ്ങി ആ സ്ത്രീയെ വെടിവെച്ചുകൊന്നു. ഈ അക്രമമാണ് അവിടെ നടന്നുകൊണ്ടിരിക്കുന്നത്. എന്തിനാണ് കൊന്നത്? അവർ അനിസ്‌ലാമിക പ്രവർത്തിചെയ്തതിന്. അവർ തങ്ങളുടെ സ്വന്തമാളുകളുടെ സമാധാനം പോലും പിടിച്ച് വാങ്ങിയിരിക്കുന്നു. ഇവർ അന്യർക്ക് എന്ത് സമാധാനം നല്കാനാണ്?

ഞാൻ ഉദാഹരണം പറഞ്ഞതുപോലെ, തങ്ങൾക്ക് മുസ്‌ലികളാണ് സമാധാനം നല്കിക്കൊണ്ടിരിക്കുന്നത് ക്രിസ്ത്യാനികളല്ലന്നോർത്ത് ഹദ്റത്ത് ഉമറിന്റെ കാലഘട്ടത്തിൽ ക്രിസ്ത്യാനികൾ പോലും സന്തോഷിക്കുകയായിരുന്നു. ഇന്ന് അതിന് തികച്ചും വിപരീതമാണ് നടന്നുകൊണ്ടിരിക്കുന്നത്. എന്നാൽ, അഹ്മദിയ്യാ ഖിലാഫത്ത് മാത്രമാണ് തങ്ങളുടേയും അന്യരുടേയും ഭയത്തെ സമാധാനത്തിൽ പരിവർത്തിപ്പിക്കുന്നത്. വിവിധ ആളുകളുടെ അഭിപ്രായത്തിൽനിന്ന് ഇത് വ്യക്തമാകുന്നു. അല്ലാഹുവിന്റെ സഹായങ്ങൾ അഹ്മദിയ്യാ ഖിലാഫത്തിനോടൊപ്പമുണ്ട്. അത് ഒരിക്കലും കുറയുകയില്ല. ഞാൻ നേരത്തെ പറഞ്ഞതുപോലെ കഴിഞ്ഞ 108 വർഷത്തെ ചരിത്രം ഇതിന് സാക്ഷിയാണ്. ഇത് ഏതെങ്കിലും ഒരു മനുഷ്യന്റെ പ്രവർത്തിയായിരുന്നെങ്കിൽ എപ്പോഴേ അവസാനിച്ചു കഴിഞ്ഞിട്ടുണ്ടായിരുന്നുവെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിരുന്നു. അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഉദ് (അ)ന്റെ ജമാഅത്തിന്റെ സ്ഥാപനവും ഖിലാഫത്തിന്റെ വാഗ്ദാനവും ദൈവിക വാഗ്ദാനമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ കാലഘട്ടത്തിൽത്തന്നെ ആളുകൾ ഇതിനെ അവസാനിപ്പിക്കാൻ ശ്രമിച്ചു. പക്ഷേ, അത് അവസാനിച്ചില്ല. അവർ ഇന്ന് ശ്രമിക്കുകയാണെങ്കിലും അല്ലാഹുവിന്റെ കൃപാകടാക്ഷം കൊണ്ട് ഒരിക്കലും അത് അവസാനിക്കുകയില്ല. ഈ ഖിലാഫത്തും ഈ വ്യവസ്ഥിതിയും അല്ലാഹുവിന്റെ കൃപാകടാക്ഷംകൊണ്ട് എന്നെന്നും നിലനില്ക്കുന്നതിനു വേണ്ടിയുള്ളതാണ്. നമ്മൾ നമ്മുടെ പ്രവർത്തനമാധ്യമങ്ങൾ നോക്കുകയാണെങ്കിൽ ഇത്ര വലിയ തോതിൽ ഇസ്‌ലാമിക സന്ദേശം എത്തിക്കാൻ സാധിക്കുമെന്ന് സങ്കല്പിക്കാൻ പോലും സാധിക്കുകയില്ല. പക്ഷേ, അല്ലാഹുവിന്റെ വിധി ഈ തീരുമാനം എടുത്ത് കഴിഞ്ഞ സ്ഥിതിക്ക് അവൻ ഈ സന്ദേശം ഭൂമിയുടെ കോണുകളോളം എത്തിക്കേണ്ടതുണ്ട്. അപ്പോൾ പിന്നെ ഈ പുരോഗതിയെ ആർക്കാണ് തടയാൻ സാധിക്കുക? ഒരു ഭൗതിക ശക്തിക്കും തടയാൻ സാധിക്കുകയില്ല. അല്ലാഹു എല്ലാ അഹ്മദികളേയും എപ്പോഴും കൂറോടും ആത്മാർഥതയോടുംകൂടി അഹ്മദിയ്യാ ഖിലാഫത്തുമായി ചേർത്തു നിറുത്തുമാറാകട്ടെ എന്ന് നമ്മൾ അല്ലാഹുവിനോട് ദുആ ചെയ്യേണ്ടതാണ്. നമ്മൾ അല്ലാഹുവിന്റെ വാഗ്ദാനങ്ങൾ കൂടുതൽ പ്രൗഢോജ്ജ്വലമായ നിലയിൽ എത്രയുംവേഗം പുലരുന്നതായി കാണുമാറാകട്ടെ.

നമസ്കാരത്തിന് ശേഷം ഞാൻ മൂന്ന് ജനാസയും നമസ്കരിക്കുന്നതാണ്. ഒരു ജനാസ ഹാജറാണ്. രണ്ടെണ്ണം ഗാഇബാണ്.

ഹാജർ ജനാസ ചൗദ്ദരി ഫള്ൽ അഹ്മദ് സാഹിബ് വഖ്ഫിന്റേതാണ്. അദ്ദേഹം പരേതനായ മാസ്റ്റർ ഗുലാം മുഹമ്മദ് സാഹിബ് നങ്കാനയുടെ പുത്രനാണ്. 2016 മെയ് 23-ന് 80-ാമത്തെ വയസ്സിൽ വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സ്വഹാബി ഹദ്റത്ത് ഉമറുദ്ദീൻ സാഹിബ് ബംഗ്വിയുടെ ദൗഹിത്രനും പരേതനായ മൗലവി കറം ഇലാഹി സാഹിബ് സഫറിന്റെ സഹോദരപുത്രനുമായിരുന്നു. ദീർഘകാലം മണ്ടി ബഹാവുദ്ദീനിൽ താമസിച്ചു. പിന്നീട് ജർമനിയിലേക്ക് മാറി. ഏതാനും വർഷം ലണ്ടനിൽ മസ്ജിദ് ഫള്ൽ ഹൽഖയിലും താമസിച്ചിരുന്നു. ജീവിതം മുഴുവൻ ജമാഅത്തിന്റെ വിവിധ ഔദ്യോഗിക സ്ഥാനങ്ങളിൽ സേവനം ചെയ്യാൻ തൗഫീഖ് ലഭിച്ചു. മണ്ടി ബഹാവുദ്ദീനിലും സെക്രട്ടറി മാൽ, സെക്രട്ടി തഅ്ലീമുൽ ഖുർആൻ, ഇമാമുസ്വലാത്ത് മുതലായ സ്ഥാനങ്ങൾ വഹിച്ചു. താമസിച്ചിടങ്ങളിലെല്ലാം നൂറുകണക്കിന് കുട്ടികളെ വിശുദ്ധ ഖുർആൻ പഠിപ്പിക്കാനുള്ള തൗഫീഖും ലഭിച്ചിരുന്നു. 1987 ലെ അനുഗൃഹീത റമളാനിൽ കലിമ ത്വയ്യിബയുടെ കേസിൽ അസീറാനെ രാഹെ മൗലാ ആകാനും ഭാഗ്യം സിദ്ധിച്ചു. അങ്ങേയറ്റം നന്മനിറഞ്ഞ വ്യക്തിയും സാത്വികനും, വിശുദ്ധ ഖുർആനെ സ്നേഹിക്കുന്നയാളും ദയാലുവും പുണ്യവാനുമായിരുന്നു. പരേതൻ മൂസ്വിയായിരുന്നു. സന്തപ്ത കുടുംബത്തിൽ 5 പെൺമക്കളും 2 ആൺമക്കളുമുണ്ട്. അല്ലാഹു പരേതന്റെ സ്ഥാനം ഉയർത്തുമാറാകട്ടെ.

രണ്ടാമത്തെ ജനാസ ഹാജി ഗുലാം മുഹിയിദ്ദീൻ സാഹിബിന്റെ മകൻ ദാവൂദ് അഹ്മദ് സാഹിബ് ശഹീദിന്റേതാണ്. അവർ കറാച്ചിയിലാണ് താമസിച്ചിരുന്നത്. 2016 മെയ് 24 ന് 62-ാമത്തെ വയസ്സിൽ, അഹ്മദിയ്യത്തിന്റെ എതിരാളികൾ രാത്രി ഏകദേശം 9 മണിക്ക് അദ്ദേഹത്തെ വെടിവെച്ച് ശഹീദാക്കി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ദാവൂദ് അഹ്മദ് സാഹിബ് തന്റെ വിടിന് വെളിയിൽ ഒരു അനഹ്മദി സുഹൃത്തിനെ കാത്തുനില്ക്കുകയായിരുന്നു. അദ്ദേഹത്തിന്റെ സുഹൃത്ത് അപ്പോൾ വളരെ അടുത്ത് തന്നെ ഉണ്ടായിരുന്നു. ഇതിനിടക്ക് മോട്ടോർ സൈക്കിളിൽ രണ്ട് അജ്ഞാതരായ ആളുകൾ വരുകയും പിന്നിൽ ഇരുന്നിരുന്ന വ്യക്തി മോട്ടർ സൈക്കിളിൽ നിന്ന് ഇറങ്ങി അദ്ദേഹത്തിനുനേരെ നിറയൊഴിക്കുകയും ചെയ്തു. അനഹ്മദി സുഹൃത്ത് അദ്ദേഹത്തെ രക്ഷിക്കാൻ മുന്നോട്ട് വന്നു, അപ്പോൾ അക്രമികൾ അദ്ദേഹത്തിന്റെ കാലിൽ വെടി വെച്ച് അവിടെനിന്ന് ഓടിപ്പോയി. ദാവൂദ് സാഹിബിന് മൂന്ന് വെടിയുണ്ടയേറ്റു. നെഞ്ചും വയറും തുളച്ച് പുറത്തുവന്നു. ഫയറിങ്ങിന്റെ ശബ്ദം കേട്ട് സമീപത്തുള്ള ആളുകൾ സംഭവസ്ഥലത്ത് തടിച്ചുകൂടി. അവർ ദാവൂദ് സാഹിബിനെ അടുത്തുള്ള ഹോസ്പിറ്റൽ എത്തിച്ചു. അവിടെ പ്രാഥമിക ശുശ്രൂഷയ്ക്കുശേഷം രണ്ടുപേരെയും ലിയാക്കത്ത് നാഷണൽ ഹോസ്പിറ്റലിലേക്ക് മാറ്റി. അവിടെ ഡോക്ടർ ദാവൂദ് സാഹിബിനെ ഓപ്പറേഷൻ ചെയ്തു. എന്നാൽ, വയറിലേറ്റ വെടിയുണ്ട കരളിലും ചെറുകുടലിലും വൻകുടലിലും വലിയ മുറിവ് ഉണ്ടാക്കിയിരുന്നു. നെഞ്ചിലേറ്റ വെടിയുണ്ട കാരണം അമിത രക്തസ്രാവമുണ്ടായി. അതുകൊണ്ട് ജീവൻ രക്ഷിക്കാൻ സാധിച്ചില്ല. ഓപറേഷൻ നടന്നുകൊണ്ടിരിക്കെതന്നെ ശഹാദത്തിന്റെ പാനീയം കുടിച്ചു. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഇദ്ദേഹത്തിന്റെ അനഹ്മദി സുഹൃത്തിന് പരിക്കുപറ്റിയിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം സുഖം പ്രാപിച്ചുവരുന്നു.

ശഹീദ് മർഹൂമിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് വന്നത്, അദ്ദേഹത്തിന്റെ പിതാമഹൻ സിയാൽക്കോട്ടു ജില്ലയിലെ ചോണ്ട എന്ന സ്ഥലത്തെ ഹദ്റത്ത് മൗലവി അൽഫുദ്ദീൻ സാഹിബ് ജമാഅത്തിൽ പ്രവേശിച്ചതോടെയാണ്. പിന്നീട് ഈ കുടുംബം റബ്വയിലേക്ക് മാറി താമസിച്ചു. 1950 ൽ റബ്വയിൽ ഇദ്ദേഹം ജനിച്ചു. ഇദ്ദേഹത്തിന്റെ പിതാവ് നേവിയിൽ ഉദ്യോഗസ്ഥനായിരുന്നു. പിന്നീട് ഇവർ കറാച്ചിയിലേക്ക് പോയി. അവിടെ നിന്ന് വിദ്യാഭ്യാസം കരസ്ഥമാക്കി. ഒരു അപകടത്തിൽ ഇദ്ദേഹത്തിന്റെ കൈ നഷ്ടപ്പെട്ടിരുന്നു. എന്നാൽ, ഇദ്ദേഹം ഒരിക്കലും കൈയുടെ അഭാവം ജോലിയിൽ തടസ്സമായി കണ്ടില്ല. ഒരുപാട് ഗുണങ്ങളുടെ ഉടമയായിരുന്നു. വളരെ മൃദുല സ്വഭാവക്കാരനായിരുന്നു. പ്രദേശത്തെ എല്ലാവർക്കും പ്രിയപ്പെട്ട വ്യക്തിത്വവുമായിരുന്നു. വിശ്വസ്തൻ, സദ്ഹൃദയൻ, സാത്വികനായ വ്യക്തിയായിരുന്നു. സംഭവത്തിനു ശേഷം അന്വേഷണ ഏജൻസി പ്രദേശവാസികളിൽ നിന്ന് മൊഴിയെടുക്കുമ്പോൾ എല്ലാവരും പറഞ്ഞത്, ഈ വ്യക്തി ഒരാളുമായും കലഹിക്കാനിടയില്ലെന്നാണ്. കലഹിക്കുന്ന കാര്യം അവിടെ നില്ക്കട്ടെ, മറ്റുള്ളവരെ സഹായിക്കുന്ന ആളായിരുന്നു ഇദ്ദേഹം. മറ്റുള്ളവർക്ക് പ്രയോജനപ്പെടുന്ന നല്ല മനുഷ്യനായിരുന്നു. ജമാഅത്തിന്റെ സേവനങ്ങളിലും മുൻപന്തിയിലായിരുന്നു. അദ്ദേഹത്തിന്റെ വീട് 18 വർഷത്തോളം നമസ്കാര സെന്ററായി ഉപയോഗിച്ചിരുന്നു. അതുപോലെ അൻസാറുല്ലായുടേയും ജമാഅത്തിന്റെ പ്രവർത്തനങ്ങളിലും സേവനം ചെയ്യാൻ ഇദ്ദേഹത്തിന് തൗഫീഖ് ലഭിച്ചു. ഇദ്ദേഹത്തിന്റെ ഒരു മകൻ ജാമിഅ അഹ്മദിയ്യായിൽ 4-ാം വർഷം വിദ്യാർഥിയാണ്. ഇദ്ദേഹത്തിന്റെ രണ്ടുമക്കൾ രാജ്യത്തിന് പുറത്ത് ജോലിചെയ്യുകയാണ്. അല്ലാഹു ശഹീദ് മർഹൂമിന്റെ സ്ഥാനം ഉയർത്തുമാറാകട്ടെ. ഇദ്ദേഹത്തിന്റെ മക്കൾക്കും ഇദ്ദേഹത്തിന്റെ നന്മകൾ നിലനിറുത്താൻ തൗഫീഖ് നല്കുമാറാകട്ടെ.

“ജനങ്ങളേ! മുഹമ്മദ്(സ) നിങ്ങളുടെ നാഥനിൽനിന്നുള്ള സത്യവുമായി നിങ്ങളുടെ അടുക്കൽ വന്നിരിക്കുന്നു. നിങ്ങൾ അദ്ദേഹത്തിൽ വിശ്വസിക്കുക. അത് നിങ്ങൾക്കു ഗുണകരമായിരിക്കും.’ (വി:ഖു. 4:171)

**ത്വാലിബെ ദുആ:**

**അബ്ദുർറഹീം ശംസുദ്ദീൻ പഴയങ്ങാടി.**

മൂന്നാമത്തെ ജനാസ മുഹമ്മദ് അഅ്ളം അക്ഥീർ സാഹിബിന്റേതാണ്. അദ്ദേഹം 2016 മെയ് 25 ന് രാവിലെ റബ്വയിൽ 74-ാമത്തെ വയസ്സിൽ വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അഹ്മദിയ്യാ ജമാഅത്ത് ഭേരയുടെ മുൻ അമീറായ മൗലവി മുഹമ്മദ് അശറഫ് സാഹിബിന്റെ പുത്രനായി ഒക്ടോബർ 1942-ൽ അദ്ദേഹം ഖാദിയാനിൽ ജനിച്ചു. അദ്ദേഹത്തിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് അദ്ദേഹത്തിന്റെ പിതാമഹൻ മുൻശി മുഹമ്മദ് റമളാൻ സാഹിബ് മുഖേനയാണ് വന്നത്. അദ്ദേഹം 1909 ലാണ് ബയ്അത്ത് ചെയ്തത്. അദ്ദേഹം മൗലവി മുഹമ്മദ് ഇസ്മാഈൽ സാഹിബ് ഹിലാൽപൂരിയുടെ ദൗഹിത്രനും, മൗലവി മുഹമ്മദ് അഹ്മദ് സാഹിബ് ജലീലിന്റെ സഹോദരീ പുത്രനുമായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് മൗലവി മുഹമ്മദ് അശ്റഫ് സാഹിബും വഖ്ഫെ ജദീദിന്റെ മുഅല്ലിമായിരുന്നു. അടി

EDITOR
H.Shamsuddin
Mobile : +91-84376-99866
Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

(Title Code:- PUNMAL00001)
ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516
Vol-1 Thursday 30 JUNE 2016 Issue-17

MANAGER
NAWAB AHMAD
Tel : +91-1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

# സയ്യിദുനാ അമീറുൽ മുഅ്മിനീന്റെ ഡെന്മാർക്കു പര്യടനം-2016 മെയ്

**05-05-2016(വ്യാഴം)**

(തുടർച്ച.......)അമീറുൽമുഅ്മിനീൻ പറഞ്ഞു: തർബിയ്യത്ത് വകുപ്പ്, സെക്രട്ടറി എം.ടി.എ യും ഇശാഅത്ത് വകുപ്പും ചേർന്ന് ആഴ്ചയിൽ അല്ലെങ്കിൽ മാസത്തിൽ എം.ടി.എ യിൽ വരുന്ന പരിപാടികൾ പരിശോധിച്ച് അവയിൽ നല്ലതും പ്രയോജനപ്രദമാകാവുന്നതുമായ പരിപാടി മനസ്സാലക്കി അത് ലജ്നകൾക്ക് കേൾപിക്കുക. ഉർദു മനസ്സിലാക്കാൻ കഴിയാത്തവർക്ക് ഇംഗ്ലീഷിൽ കേൾപിക്കുക. ഇവിടെത്തെ ഭാഷ അറിയുന്ന പെൺകുട്ടികളെ ടീമിൽ ഉൾപ്പെടുത്തുക. നിങ്ങളുടെ അടുത്ത തലമുറ നശിച്ചുപോകാതിരിക്കാൻ ഈ പ്രവർത്തനത്തിന് ടീമുകൾ ഉണ്ടാക്കുക.

അമീറുൽമുഅ്മിനീൻ പറഞ്ഞു: ചെറുപ്പക്കാരികളായ പെൺകുട്ടികളുണ്ട്. ചെറുപ്പക്കാരായ ആൺകുട്ടികളുണ്ട്. ആൺകുട്ടികളേയും പെൺകുട്ടികളേയും സ്ത്രീകൾ കാത്തു സംരക്ഷിക്കേണ്ടതുള്ളതുകൊണ്ട് തർബിയ്യത്ത് വകുപ്പ് നബി(സ) തിരുമേനി സ്ത്രീകളെയാണ് ഏല്പിച്ചിരുന്നത്. മാതാക്കളുടെ പാദത്തിൻ കീഴിലാണ് സ്വർഗമെന്ന് തർബിയ്യത്ത് ഒന്നുകൊണ്ടുമാത്രമാണ് അവിടന്ന് പറഞ്ഞത്. മാതാവിന്റെ പാദത്തിൻകീഴിലുള്ള സ്വർഗം, അത് മക്കൾക്ക് കൊടുക്കുന്ന തർബിയ്യത്തുകൊണ്ടാണ്. വെറും പെൺകുട്ടികൾക്കു കൊടുക്കുന്ന തർബിയ്യത്തല്ല. ആൺകുട്ടികൾക്ക് കൊടുക്കുന്ന തർബിയ്യത്തുകാരണത്താലുമാണ്.

അമീറുൽമുഅ്മിനീൻ പറഞ്ഞു: സ്വദ്ർ ലജ്നയുടേയും തർബിയ്യത്ത് സെക്രട്ടറിയുടേയും ജോലി തലചേർത്തിരിക്കുക എന്നതാണ്. എന്നിട്ട് നോക്കുക, എന്താണ് പ്രശ്നങ്ങളെന്ന്. എങ്ങനെ അത് തങ്ങൾക്ക് പരിഹരിക്കാൻ കഴിയുമെന്ന്. നിങ്ങൾ വെറും നിങ്ങളുടെ കുട്ടികളേയും വീട്ടുകാരേയും സ്ത്രീകളേയും പുരുഷന്മാരേയും എം.ടി.എ യുമായി ബന്ധിപ്പിക്കുകയാണെങ്കിൽത്തന്നെ തർബിയ്യത്തിന്റെ വലിയൊരു ഭാഗം നിങ്ങൾക്ക് വീട്ടിലിരുന്ന് പരിഹരിക്കാൻ സാധിക്കുന്നതാണ്.

അതിനുശേഷം അമീറുൽമുഅ്മിനീൻ സെക്രട്ടറി നാസിറാത്തിനോടു എത്ര കുട്ടികളുണ്ടെന്ന് ചോദിച്ചു. മൊത്തം 34 നാസിറാത്ത് കുട്ടികളുണ്ടെന്ന് അവർ പറഞ്ഞു. അവർക്ക് വഖ്ഫെ നൗന്റെ സിലബസ്സ് തന്നെ മതിയെന്ന് അമീറുൽമുഅ്മിനീൻ പറഞ്ഞു. ഇപ്പോൾ 21 വയസ്സുവരെയുള്ളവർക്ക് സിലബസ്സ് തയ്യാറായിട്ടുണ്ട്. മുഴുവൻ ലജ്നകളേയും പഠിപ്പിക്കുകയാണെങ്കിൽത്തന്നെ എല്ലാവർക്കും അത് മതിയായതാണ്.

അമീറുൽമുഅ്മിനീൻ പറഞ്ഞു: ആൺകുട്ടികൾക്ക് താൽപര്യമുള്ള സാധനസാമഗ്രികൾ ഉണ്ടാക്കുക. നിങ്ങളുടെ അയൽരാജ്യങ്ങളിൽനിന്ന് മാതൃക സ്വീകരിക്കുക. അവിടെനിന്ന് ലജ്നകളും കുട്ടികളുടെ ഗ്രൂപ്പുകളും എന്നെ കാണാൻ ലണ്ടനിൽ വരാറുണ്ട്. നിങ്ങളും ലണ്ടനിൽവരാനുള്ള പരിപാടികൾ തയ്യാറാക്കുക. ലജ്നകളേയും നാസിറാത്തിനേയും എന്റെ അടുത്ത് കൊണ്ടുവരിക. അതിനു വേണ്ടി ശ്രമിക്കുക. മാതാക്കളുമായി മീറ്റിംഗുകൾ നടത്തുക.

അമീറുൽമുഅ്മിനീൻ പറഞ്ഞു:സംസാരിക്കുമ്പോൾ എപ്പോഴും മൃദുഭാവത്തോടെ സംസാരിക്കേണ്ടതാണ്. വിശുദ്ധ ഖുർആനിലും അല്ലാഹു പറഞ്ഞിട്ടുള്ളത് മൃദുലമായി സംസാരിക്കുക എന്നാണ്.

അതിനുശേഷം അമീറുൽമുഅ്മിനീൻ സെക്രട്ടറി സ്വൻഅത്ത് വ ഹിർഫത്തി(ശിൽപവേല, കരകൗശല വകുപ്പ്)ന് നിർദേശം നല്കിക്കൊണ്ടു പറഞ്ഞു: സ്ത്രീകളെ കരകൗശല ജോലികൾ പഠിപ്പിക്കുക.

അമീറുൽമുഅ്മിനീൻ ഖിദ്മത്തെ ഖൽഖിന് നിർദേശം നല്കിക്കൊണ്ട് പറഞ്ഞു: പ്രായമുള്ള സ്ത്രീകളെ ഭാഷ പഠിപ്പിക്കുക. അവരെ വൃദ്ധകളുടെ അടുക്കൽ കൊണ്ടുപോകുക. അവരുടെ സുഖവിവരങ്ങൾ ചോദിക്കുക. ഇപ്രകാരം അവരുടെ സംസാരം കേട്ട് ഇവരുടെ ഭാഷയും നന്നാകുന്നതാണ്. ഞാൻ നല്കുന്ന ഈ നിർദേശങ്ങൾ നടപ്പിൽ വരുത്തുന്നതിൽ മടികാണിക്കരുതെന്നും അമീറുൽമുഅ്മിനീൻ പറഞ്ഞു. വിദ്യാസന്നകളായ ചെറുപ്പക്കാരികളേയും കൂടെച്ചേർക്കുക. ഇവിടെത്തെ ഭാഷ അറിയുന്ന അംഗങ്ങളെ ഈ ജോലികളിൽ നിയമിക്കുക.

സെക്രട്ടറി സിഹ്ഹത്തെ ജിസ്മാനിയോടു അമീറുൽമുഅ്മിനീൻ പറഞ്ഞു: ലജ്നകളെ ചാലകശക്തിയാക്കുക. കളിക്കുന്നതിനുള്ള സ്ഥലം വാങ്ങുക. ലജ്നയുടെ ഹാളുണ്ടെങ്കിൽ അവിടെ ടേബിൾ ടെന്നീസ് കളിപ്പിക്കുക. അമീറുൽമുഅ്മിനീൻ പറഞ്ഞു: സെക്രട്ടറിക്ക് ഒരു ലക്ഷ്യമുണ്ട്. നിർബന്ധ കടമകളുണ്ട്. അതിന് കൃത്യമായ പ്രവർത്തനരൂപരേഖ ഉണ്ടായിരിക്കേണ്ടതാണ്. പിന്നീട് അമീറുൽമുഅ്മിനീൻ സെക്രട്ടറി ളിയാഫത്തിനോടു അദ്ദേഹത്തിന്റെ വകുപ്പിനേയും പ്രവർത്തനത്തേയും കുറിച്ച് അന്വേഷിച്ചു.

അമീറുൽമുഅ്മിനീൻ ചോദിച്ചപ്പോൾ ഡെന്മാർക്കിലെ ലജ്നയുടേയും പെൺകുട്ടികളുടേയും മൊത്തമെണ്ണം 239 ആണെന്ന് സെക്രട്ടറി തജ്നീദ് പറഞ്ഞു. ഇപ്രകാരംതന്നെ സെക്രട്ടറി ഇശാഅത്ത് ഡെന്മാർക്കിൽ ഇശാഅത്തിന്റെ പ്രത്യേകമായ ജോലിയൊന്നുമില്ലെന്ന് പറഞ്ഞു. ഏതെങ്കിലും പുസ്തകം വാങ്ങേണ്ടി വന്നാൽ അത് വാങ്ങും.

മുഹാസിബ തന്റെ റിപ്പോർട്ടു സമർപിച്ചുകൊണ്ടു പറഞ്ഞു, സെക്രട്ടറിമാരോടൊപ്പം ചേർന്ന് കണക്കുകൾ പരിശോധിക്കാറുണ്ട്. സെക്രട്ടറിമാർ തന്റെ റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ടു തങ്ങളുടെ സാലാനബജറ്റ് 56000 ക്രോണയാണെന്നും സാലാന ഇജ്തിമാഅ്ന്റെ ബജറ്റ് 9000 ക്രോണയാണെന്നും പറഞ്ഞു.

(തുടരും)

---

സ്ഥാന വിദ്യാഭ്യാസം മെട്രിക്കായിരുന്നു. 1961 ൽ ജീവിതം വഖ്ഫുചെയ്തു. പിന്നീട് അദ്ദേഹം ജാമിഅയിൽ അഡ്മിഷൻ വാങ്ങി. 1969-ൽ അവിടെ നിന്ന് ശാഹിദ് പരീക്ഷ പാസ്സായി. ഇതേ കാലയളവിൽ എഫയും മൗലവി ഫാളിൽ പരീക്ഷയും പാസ്സായി. പിന്നീട് ഇദ്ദേഹത്തിന്റെ നിയമനം നളാറത്ത് ഇസ്ലാഹ് വ ഇർശാദിലും വിവിധ വകുപ്പുകളിലും നടന്നുകൊണ്ടിരുന്നു. ഇദാറത്തുൽമുസ്വന്നിഫീനിലും വക്കാലത്ത് തബ്ശീറിലും ജോലി ചെയ്തു. നളാറത്ത് തഅ്ലീമുൽ ഖുർആനിലും ജോലി ചെയ്തിരുന്നു. തദ്ദേശ ഇസ്ലാഹ് വ ഇർശാദിലും വിവിധ പ്രദേശങ്ങളിൽ മുറബ്ബിയായും പ്രവർത്തിച്ചിട്ടുണ്ട്. 90 മുതൽ 98 വരെ ഇശാഅത്ത് തസ്നീഫിന്റെ നളാറത്തിലും ജോലി ചെയ്തു. പിന്നീട് വക്കാലത്തെ ദീവാനിൽ 1999 മുതൽ 2006 വരെ പ്രവർത്തിച്ചു. 2006 മുതൽ 2008 വരെ വക്കാലത്തെ ഇശാഅത്തിന്റെ മാസികയായ തഹ്രീക്കെ ജദീദിന്റെ പത്രാധിപരായിരുന്നു. ഒക്ടോബർ 2008 മുതൽ മരണംവരെ ജാമിഅയിൽ 'നിഗ്റാൻ മുത്തഖ്സ്സീസ്(ജാമിഅ അഹ്മദിയ്യായിൽനിന്ന് പുറിത്തിറങ്ങുന്ന വിദ്യാർഥികൾ സ്പെഷ്യലൈസ് ചെയ്യുന്നത് ഈ വകുപ്പിന്റെ കീഴിലാണ്)ആയിരുന്നു. അല്ലാഹുവിന്റെ കൃപാകടക്ഷത്താൽ വളരെ വിജയിയായ മുറബ്ബിയും ദയീഇലല്ലായും സംവാദകനുമായിരുന്നു. ഇദ്ദേഹം ചില ഗ്രന്ഥങ്ങളും എഴുതിയിട്ടുണ്ട്. അൻസാറുല്ലായിലും സേവനത്തിന് അവസരം ലഭിച്ചു. ധാരാളം ദുആ ചെയ്യുന്ന ആളായിരുന്നു. അല്ലാഹു ഇദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. ഇദ്ദേഹത്തിന്റെ അനന്തരാവകാശികളിൽ ഇദ്ദേഹത്തിന്റെ ഭാര്യയ്ക്കുപുറമെ മൂന്ന് പെൺകുട്ടികളും ഒരു ആൺകുട്ടിയുമുണ്ട്. മകൻ ഇവിടെയാണുള്ളത്. പിതാവിന്റെ ജനാസയിൽ പങ്കെടുക്കാൻ സാധിച്ചില്ല. അല്ലാഹു ഈ കുട്ടികൾക്കും ഭാര്യക്കും സഹനവും ധൈര്യവും പ്രധാനം ചെയ്യുമാറാകട്ടെ. തങ്ങളുടെ പിതാവിന്റെ നന്മകൾനിലനിറുത്താനുള്ള തൗഫീഖ് നല്കുമാറാകട്ടെ.

C.M HIDAYATHULLAH 9447029141, 9946631222
CITYLINK
Linking Destinations
TRAVEL CORPORATION
Noor Complex, 3rd Floor, Mavoor Road, Calicut, Kerala
email: citylinkccj@gmail.com
Air Ticket, Visa Service, Attestation, Emigration, Train Ticket

''അല്ലാഹു അല്ലാതെ അവർക്ക് ഒരു രക്ഷകനോ ശിപാർശകനോ ഉണ്ടാകുകയില്ല.' (വി:ഖു. 6:52)

**ത്വാലിബെ ദുആ:**

**ആശിഖ് അഹ്മദ്, കണ്ണൂർ സിറ്റി**

''അല്ലാഹു നിനക്ക് വല്ല ദുരിതവും ഏല്പിക്കുന്നതായാൽ അവനല്ലാതെ അതിനു പരിഹാരമുണ്ടാക്കുന്നവൻ മറ്റാരുമില്ല.' (വി:ഖു.6:18)

**ത്വാലിബെ ദുആ:**

**അബ്ദുസ്സമദ് , പഴയങ്ങാടി**

''റബ്ബനാ ആമന്നാ ഫക്തുബ്നാ മഅശ്ശാഹിദീൻ' ഞങ്ങളുടെ നാഥാ! ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ഞങ്ങളെ സാക്ഷികളുടെ കൂട്ടത്തിൽ രേഖപ്പെടുത്തേണമേ. (വി:ഖു. 5:84)

**ത്വാലിബെ ദുആ:**

**കെ.ടി.മഹ്മൂദ്, കൊടിയത്തൂർ.**

''ലാ തുഹില്ലൂ ശആയിരില്ലാഹി' അല്ലാഹു നിശ്ചയിച്ച ചിഹ്നങ്ങളെ നിങ്ങൾ അനാദരിക്കരുത്.(വി:ഖു. 5:3)

**ത്വാലിബെ ദുആ:**

**പി.യൂസുഫ് & കുടുംബാംഗങ്ങൾ മാത്തോട്ടം**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin